2025 FEBRUARY
15
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# മൂന്നു വർഷത്തിനുള്ളിൽ 400 വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ കൂടി

**ന്യൂഡൽഹി:** മൂന്നു വർഷത്തിനുള്ളിൽ 400 വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ കൂടി. വരുന്ന മൂന്ന് വർഷത്തിനുള്ളിൽ 400 പുതിയ വന്ദേ ഭാരത് ടെയിനുകൾ പുറത്തിറക്കാനാണ് ഇന്ത്യൻ റെയിൽവേ ലക്ഷ്യമിടുന്നത്. ഇത് കൂടാതെ 2047 ആകുമ്പോൾ രാജ്യത്ത് 4500 പുതിയ വന്ദേഭാരത് ട്രെയിനുകൾ കൂടി നിർമിക്കാനും റെയിൽവേയ്ക്ക് പദ്ധതിയുണ്ട്. പകൽ വണ്ടികളായി സർവീസ് നടത്തുന്ന വന്ദേ ഭാരത് എക്സ്പ്രസുകൾ രാജ്യത്ത് വൻ ഹിറ്റായി മാറിക്കഴിഞ്ഞു എന്നാണ് റെയിൽവേ മന്ത്രാലയത്തിന്റെ വിലയിരുത്തൽ. രാജ്യത്ത് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിൻ സർവീസ് ആരംഭിച്ചിട്ട് ഇന്ന് ആറ് വർഷം തികയുന്നു. 2019 ഫെബ്രുവരി 15 നാണ് ഇന്ത്യയിൽ ആദ്യത്തെ വന്ദേഭാരത് എക്സ്പ്രസ് ട്രെയിൻ ഓടിത്തുടങ്ങിയത്. ഡൽഹി-വാരാണസി റൂട്ടിലായിരുന്നു കന്നി ഓട്ടം.



അതൊരു യാത്രാ വിപ്ലവത്തിന്റെ തുടക്കമായിരുന്നു. ഇപ്പോൾ രാജ്യത്താകമാനം 78 വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകളാണ് സർവീസ് നടത്തുന്നത്. ഇതിൽ രണ്ടെണ്ണം കേരളത്തിനുമുണ്ട്. തിരുവനന്തപുരത്ത് നിന്ന് കാസർഗോഡിനും മംഗളൂരുവിനും പോകുന്നതാണ് ഈ വണ്ടികൾ. 200 ശതമാനം ഒക്കുപ്പൻസിയുമായാണ് രണ്ട് വണ്ടികളും സർവീസ് നടത്തുന്നത്. രാജ്യത്ത് തന്നെ യാത്രക്കാരുടെ എണ്ണത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് കേരളത്തിൽ സർവീസ് നടത്തുന്ന വന്ദേ ഭാരത് ട്രെയിനുകളാണ്.

2023 ഏപ്രിൽ 26 നാണ് കേരളത്തിൽ ആദ്യമായി തിരുവനന്തപുരം കാസർഗോഡ് റൂട്ടിൽ വന്ദേഭാരത് ട്രെയിൻ ആരംഭിച്ചത്. ഇപ്പോൾ രാജ്യത്ത് സർവീസ് നടത്തുന്ന വന്ദേ ഭാരത് എക്സ്പ്രസുകൾ 21 സംസ്ഥാനങ്ങളെയും മൂന്ന് കേന്ദ്ര ഭരണ പ്രദേശങ്ങളെയും ബന്ധപ്പെടുത്തുന്നു. മണിക്കൂറിൽ 110 മുതൽ 160 കിലോമീറ്ററാണ് ഈ ട്രെയിനുകളുടെ ശരാശരി വേഗത. എട്ട്, 16, 20 കോച്ചുകൾ വീതമുള്ള മൂന്ന് വ്യത്യസ്ഥ വന്ദേഭാരത് ട്രെയിനുകളാണ് ഇപ്പോൾ ഇന്ത്യയിൽ ഓടുന്നത്.

വന്ദേ ശ്രേണിയിൽ ഇനി വരാൻ പോകുന്നത് രാത്രി വണ്ടികളാണ്. വന്ദേ സ്ലീപ്പർ എന്നാണ് രാത്രി വണ്ടികൾ അറിയപ്പെടുക. ഏതാനും മാസങ്ങൾക്കുള്ളിൽ ആദ്യ വന്ദേ സ്ലീപ്പർ ട്രെയിൻ പുറത്തിറങ്ങും. പരീക്ഷണ ഓട്ടമൊക്കെ വിജയകരമായി പൂർത്തീകരിച്ചു കഴിഞ്ഞു. ഇനി ലഭിക്കാനുള്ളത് റെയിൽവേ സുരക്ഷാ കമ്മീഷണറുടെ അന്തിമ റിപ്പോർട്ടാണ്. അത് കഴിഞ്ഞാൽ പ്രഥമ സർവീസിന്റെ റൂട്ട് നിശ്ചയിക്കും. ഭാവിയുടെ ഏറ്റവും വലിയ പ്രതീക്ഷമായ വന്ദേ സ്ലീപ്പർ ട്രെയിനുകൾ ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡാണ് നിർമിക്കുന്നത്.

# 59 പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം 5245.78 കോടി, മുന്നിൽ ധനമന്ത്രി ചെയർമാനായ സ്ഥാപനം

**തിരുവനന്തപുരം:** സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോ വർഷവും വരുത്തുന്നത് കോടികളുടെ ധനനഷ്ടം. 2023-24 സാമ്പത്തിക വർഷം 59 പൊതുമേഖലാ സ്ഥാപനങ്ങൾ 5245.78 കോടിയുടെ ധനനഷ്ടം ഉണ്ടാക്കി. 2022-23ൽ 58 സ്ഥാപനങ്ങൾ വരുത്തിയ നഷ്ടം 4449.58 കോടി ആയിരുന്നു. ഏതാണ്ട് 800 കോടിയോളം രൂപയുടെ നഷ്ടമാണ് 2023-24ൽ അധികമായി ഉണ്ടായത്.



ധനമന്ത്രി കെ.എൻ.ബാലഗോപാൽ ചെയർമാനായ കേരളാ സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് ആണ് പട്ടികയിൽ ഒന്നാമത്. 3321.07 കോടിയാണ് കമ്പനിയുടെ നഷ്ടം. സാമൂഹ്യസുരക്ഷാ പെൻഷൻ നൽകാനായി സർക്കാർ 6100 കോടി രൂപയാണ് ഈ കാലയളവിൽ കമ്പനിക്കു ഗ്രാന്റായി നൽകിയത്. എന്നാൽ ആകെ ചെലവ് 9421.06 കോടി ആയിരുന്നു. കെഎസ്ആർടിസിയാണ് രണ്ടാമത് നഷ്ടം 1302.82 കോടി. ആകെ വരുമാനം 3185.54 കോടിയും ചെലവ് 4488.36 കോടി രൂപയും ആയിരുന്നു. 74.03 കോടിയുടെ നഷ്ടവുമായി സപ്ലൈക്കോ മൂന്നാമതുണ്ട്.

കാഷ്യൂ ഡവലപ്മെന്റ് കോർപറേഷൻ 71.29 കോടി, ട്രാവൻകൂർ ടൈറ്റാനിയം 57.39 കോടി, ടെക്സ്റ്റൈൽ കോർപറേഷൻ 52.68 കോടി, ട്രാക്കോ കേബിൾ 30.94 കോടി, ഓട്ടോക്കാസ്റ്റ് 23 കോടി, കേരളാ സിറാമിക്സ് 22.58 കോടി, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി 21.97 എന്നിങ്ങനെയാണ് നഷ്ടം വരുത്തിയ മറ്റു പ്രധാന പൊതുമേഖലാ സ്ഥാപനങ്ങൾ.

53 സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം 1912.97 കോടി രൂപയുടെ ലാഭമുണ്ടാക്കി. 2022-23ൽ ഇത് 970.55 കോടി ആയിരുന്നു. 2023-24 വർഷത്തിൽ 30 പൊതുമേഖലാ സ്ഥാപനങ്ങൾക്കായി സർക്കാർ സബ്സിഡി, ഗ്രാന്റ് ഇനത്തിൽ നൽകിയത് 2178.89 കോടിയാണ്. 7 സ്ഥാപനങ്ങൾക്ക് കേന്ദ്രത്തിൽനിന്ന് 1496.02 കോടി രൂപ ലഭിച്ചു. നികുതി, ഡ്യൂട്ടി ഇനത്തിൽ ഈ കാലയളവിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 17289.13 കോടിയുടെ വരുമാനമാണ് സംസ്ഥാനത്തിനു ലഭിച്ചത്. 2022-23നേക്കാൾ 2.60 ശതമാനത്തിന്റെ വർധന.

# പ്രധാനമന്ത്രി ആവാസ് യോജന: ധാരണാപത്രത്തിൽ കേരളം ഇതുവരെ ഒപ്പുവച്ചില്ലെന്ന് കേന്ദ്രം

**ന്യൂഡൽഹി:** പ്രധാനമന്ത്രി ആവാസ് യോജന (അർബൻ 2) പരിഷ്കരിച്ച് നടപ്പാക്കുന്ന സമഗ്ര ഭവന പദ്ധതിയിൽ കേരളം ഇതുവരെ ധാരണാപത്രം ഒപ്പുവച്ചിട്ടില്ലെന്ന് കേന്ദ്രം. രാജ്യത്തെ ഒരു കോടി കുടുംബങ്ങൾക്ക് വീട് നൽകുന്ന പദ്ധതിയാണിത്. പദ്ധതിയുടെ നിബന്ധനകൾ സംസ്ഥാന സർക്കാരുകളുമായും ഭവന നിർമാണ രംഗത്തെ വിവിധ ഏജൻസികളുമായും ചർച്ച ചെയ്താണ് ആവിഷ്കരിച്ചത്. കേരളത്തിൽ 5 ലക്ഷം കുടുംബങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളുമായി 29 ധാരണപത്രങ്ങൾ പദ്ധതിക്കായി ഒപ്പുവച്ചു. എന്നാൽ, കേരളം നാളിതുവരെ ഒപ്പുവച്ചിട്ടില്ല. കേരളത്തിലെ അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും വീട് നൽകുന്ന തരത്തിൽ നിബന്ധനകൾക്ക് മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് എൻ.കെ.പ്രേമചന്ദ്രൻ എംപി ഉന്നയിച്ച ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു കേന്ദ്രം





## ഇന്നത്തെ പരിപാടി

**എറണാകുളം അമൃത ആശുപത്രി:** പീഡിയാട്രിക് എൻഡോസ്കോപ്പിക്ക് സർജൻമാരുടെ 20-ാമത് ദേശിയ സമ്മേളനം ' പെസിക്കൺ 2025 ' രാവിലെ 08.30 മുതൽ

# ശബരിമല അതോറിറ്റി രൂപീകരണം: വിശ്വാസികൾ അല്ലാത്തവരെ നിയമിക്കരുത്: വി.എച്ച്.പി

**കൊച്ചി:** ശബരിമലയിലെ നിർമ്മാണ, വികസന പ്രവർത്തനങ്ങൾക്കായി രൂപീകരിക്കുന്ന ശബരിമല വികസന അതോറിറ്റിയിൽ വിശ്വാസികളല്ലാത്തവരെ നിയമിക്കരുതെന്ന് വിശ്വ ഹിന്ദു പരിഷത്ത് സംസ്ഥാന അദ്ധ്യക്ഷൻ വിജിതമ്പി, ജനറൽ സെക്രട്ടറി അഡ്വ.അനിൽ വിളയിൽ എന്നിവർ ആവശ്യപ്പെട്ടു.

ഹൈന്ദവ സംഘടനകളുമായി കൂടി ചർച്ച ചെയ്ത് വേണം ശബരിമല വികസന അതോറിറ്റി രൂപീകരിക്കുവാൻ. അതോറിറ്റി രൂപീകരിക്കുന്നതിന് മുമ്പ് ഹൈന്ദവ സംഘടനാ നേതൃത്വങ്ങൾക്കുള്ള ആശങ്കകൾ കേൾക്കുകയും അവ പരിഹരിക്കുകയും വേണം. ആത്മീയ കാര്യങ്ങളിൽ താൽപ്പര്യം ഇല്ലെന്ന് പരസ്യമായി പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രിയുടെയും ദേവസ്വം മന്ത്രിയുടെയും നിലപാടിനെ തങ്ങൾ ഭയക്കുന്നു. അതുകൊണ്ടു തന്നെ അതോറിറ്റിയിൽ ഹൈന്ദവ നേതാക്കന്മാരേയും ആധ്യാത്മിക ആചാര്യന്മാരെയും ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ദേവഹിതം അറിഞ്ഞും വാസ്തു നോക്കിയും പ്രകൃതി സൗഹൃദ പരമായ രീതിയിലുമുള്ള വികസനം മാത്രമായിരിക്കണം ശബരിമലയിൽ നടപ്പാക്കേണ്ടത്. റോപ് വേ പോലുള്ള സംവിധാനങ്ങൾ നടപ്പാക്കുന്നതിനെപ്പറ്റി ഭക്തജന സമൂഹത്തിന്റെ ആശങ്കകൾ പരിഹരിക്കാനും സർക്കാരും ദേവസ്വം ബോർഡും തയ്യാറാകണമെന്നും വി.എച്ച്.പി നേതാക്കൾ ആവശ്യപ്പെട്ടു.

അഴിമതി തടയാനും ഹൈന്ദവ ആചാരങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അഭിപ്രായങ്ങൾ പറയാനുമുള്ള അറിവും കഴിവും അതോറിറ്റിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന രാഷ്ട്രീയ, ഉദ്യോഗസ്ഥ വൃന്ദത്തിന് അനിവാര്യമാണ്. അല്ലാത്ത പക്ഷം ഭാവിയിൽ വളരെയധികം ദുരിതവും ബുദ്ധിമുട്ടും സൃഷ്ടിക്കുമെന്നും വി.എച്ച്.പി നേതാക്കൾ വ്യക്തമാക്കി.

# റേഷൻ വ്യാപാരികളുടെ കമ്മീഷൻ വിതരണം ചെയ്തു

**തിരുവനന്തപുരം:** റേഷൻ വ്യാപാരികളുടെ ജനുവരി മാസത്തെ കമ്മീഷൻ വിതരണം ചെയ്തതായി ഭക്ഷ്യവകുപ്പ് മന്ത്രി ജി.ആർ അനിൽ അറിയിച്ചു.

ജനുവരി 27ന് റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ച പണിമുടക്കുമായി ബന്ധപ്പെട്ട് മന്ത്രിയും റേഷൻ വ്യാപാരി സംഘടന നേതാക്കളും തമ്മിൽ നടത്തിയ ചർച്ചയിലെ പ്രധാന ആവശ്യമായിരുന്നു എല്ലാ മാസവും പതിനഞ്ചാം തീയതിക്ക് മുമ്പ് റേഷൻ വ്യാപാരി കമ്മീഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നത്.

ഭക്ഷ്യ വകുപ്പ് മന്ത്രി ഇക്കാര്യം ധനവകുപ്പ് മന്ത്രിയുമായി സംസാരിക്കുകയും വ്യാപാരികൾക്ക് നൽകിയ ഉറപ്പ് പാലിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തതായി അറിയിച്ചു. ജനുവരി മാസത്തെ റേഷൻ വിതരണം വാതിൽപ്പടി വിതരണക്കാരുടെ സമരം മൂലം വൈകുകയും ഫെബ്രുവരി 6 വരെ വിതരണം നീട്ടി നൽകുകയും ചെയ്തിരുന്നു. എന്നാൽ കാലതാമസമില്ലാതെ 15ാം തീയതിക്കുമുമ്പ് തന്നെ വ്യാപാരികൾക്ക് കമ്മീഷൻ നൽകാൻ സർക്കാരിന് സാധിച്ചുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# നികുതി കുടിശ്ശിക: മോട്ടോർ വാഹന വകുപ്പിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

**കോഴിക്കോട്:** നാല് വർഷമോ അതിൽ കൂടുതലോ കാലയളവിൽ നികുതി കുടിശ്ശിക വരുത്തിയ എല്ലാതരം വാഹനങ്ങൾക്കും കുറഞ്ഞ നിരക്കിൽ നികുതി അടയ്ക്കുന്നതിനു മോട്ടോർ വാഹന വകുപ്പ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആരംഭിച്ചു. 2020 ഏപ്രിൽ മുതൽ 2024 മാർച്ച് 31 വരെ നാല് വർഷമോ അതിലധികമോ നികുതി കുടിശ്ശിക വരുത്തിയ എല്ലാതരം വാഹനങ്ങൾക്കും പദ്ധതി പ്രയോജനപ്പെടുത്താം.

ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് കുടിശ്ശികയുടെ 30 ശതമാനവും സ്വകാര്യ വാഹനങ്ങൾക്ക് 40 ശതമാനവും നികുതി അടച്ച് കുടിശ്ശിക ഒഴിവാക്കാം. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, ക്ഷേമനിധി ഫീസ് അടച്ച രശീതുകൾ എന്നിവ സമർപ്പിക്കേണ്ടതില്ല. വായ്പയുള്ള വാഹനങ്ങൾക്കും പദ്ധതി ആനുകൂല്യം പ്രയോജനപ്പെടുത്താം.

മോഷണം പോയതോ പൊളിച്ചു കളഞ്ഞതോ ആയ വാഹനങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിശ്ശിക അടച്ചതിനുശേഷം 200 രൂപയുടെ മുദ്രപത്രത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സത്യവാങ്ങ് മൂലം സമർപ്പിച്ച് 2024 ഏപ്രിൽ മാസം മുതലുള്ള ബാധ്യതകൾ ഒഴിവാക്കാം.

ജില്ലയിലെ സബ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ, റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസ് എന്നിവിടങ്ങളിൽ നികുതി സ്വീകരിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2025 മാർച്ച് 31 ന് അവസാനിക്കുമെന്ന് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.




# പെസിക്കോൺ 2025 ന് തുടക്കം

**കൊച്ചി:** പീഡിയാട്രിക് എൻഡോസ്കോപിക് സർജൻമാരുടെ ദേശീയ സമ്മേളനം : പെസിക്കൺ 2025 ന് അമൃത ആശുപത്രിയിൽ തുടക്കമായി. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ സമ്മേളനം ഉദ്ഘാടനം ചെയ്തു. കുട്ടികളിലെയും ഗർഭസ്ഥ ശിശുക്കളിലെയും താക്കോൽദ്വാര ശസ്ത്രക്രിയകൾ, ലാപ്രോസ്കോപി റോബട്ടിക്, എൻഡോ സ്കോപി എന്നിവയുടെ അത്യാധുനിക സാങ്കേതിക വിദ്യകളും പഠനങ്ങളും സമ്മേളനത്തിൽ ചർച്ച ചെയ്യും.

ഗർഭസ്ഥ ശിശുവിൻറെ താക്കാൽ ദ്വാര ശസ്ത്രക്രിയയെ കുറിച്ച് പോളണ്ടിൽ നിന്നുള്ള ശിശുരോഗ വിദഗ്ധൻ ഡോ. അഗ്നിയാസ്ക പസ്തുഷ്ക സംസാരിച്ചു.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, യു.എസ്, യു.കെ എന്നിവിടങ്ങളിൽ നിന്നുള്ള ശിശുരോഗ വിദഗ്ധർ പങ്കെടുക്കുന്ന സമ്മേളനത്തിൽ താക്കോൽ ദ്വാര ശസ്ത്രക്രിയയിലെ അത്യാധുനിക സാങ്കേതിക വിദ്യകൾ അവതരിപ്പിക്കും.

രാജ്യത്തെ പീഡിയാട്രിക് സർജൻമാരുടെ വൈദഗ്ധ്യം വർധിപ്പിക്കാനും കൂടുതൽ താക്കോൽദ്വാര ശസ്ത്രക്രിയകൾ നടത്താൻ അവർക്കു പ്രാപ്തി നൽകാനുമാണ് സമ്മേളനം ലക്ഷ്യമിടുന്നത്.

സമ്മേളനത്തിന് പെസിക്കൺ ഓർഗനൈസിങ് ചെയർമാനും അമൃത ആശുപത്രി പീഡിയാട്രിക് സർജറി പ്രൊഫസറുമായ ഡോ.മോഹൻ ഏബ്രഹാം, പീഡിയാട്രിക് സർജറി വിഭാഗം മേധാവി ഡോ. നവീൻ വിശ്വനാഥൻ, ഡോ. അശ്വിൻ പ്രഭാകരൻ എന്നിവർ നേതൃത്വം നൽകി. സമ്മേളനം ഞായറാഴ്ച സമാപിക്കും.

# പത്ത് ദിവസത്തിനുള്ളിൽ ഒരു ലക്ഷത്തിലധികം പേർ കാൻസർ സ്ക്രീനിംഗ് നടത്തി

## 1321 ആശുപത്രികളിൽ കാൻസർ സ്ക്രീനിംഗ് സംവിധാനം

**തിരുവനന്തപുരം:** കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനിൽ പങ്കെടുത്തുകൊണ്ട് ഒരു ലക്ഷത്തിലധികം പേർ കാൻസർ സ്ക്രീനിംഗ് നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ 1321 സർക്കാർ ആശുപത്രികളിൽ സ്ക്രീനിംഗിനായുള്ള സംവിധാനങ്ങളൊരുക്കിയിട്ടുണ്ട്.

സ്ക്രീൻ ചെയ്തതിൽ 5185 പേരെ കാൻസർ സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർ പരിചരണവും ലഭ്യമാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

98,329 സ്ത്രീകൾക്ക് സ്തനാർബുദം ഉണ്ടോയെന്നറിയാൻ സ്ക്രീനിംഗ് നടത്തി. അതിൽ 3193 പേരെ (3 ശതമാനം) സ്തനാർബുദം സംശയിച്ച് തുടർ പരിശോധനയ്ക്ക് റഫർ ചെയ്തു. 51,950 പേരെ ഗർഭാശയഗള കാൻസറിന് സ്ക്രീൻ ചെയ്തതിൽ 2042 പേരെ (4 ശതമാനം) തുടർ പരിശോധനയ്ക്കായും 30,932 പേരെ വായിലെ കാൻസറിന് സ്ക്രീൻ ചെയ്തതിൽ 249 പേരെ (1 ശതമാനം) തുടർ പരിശോധനയ്ക്കായും റഫർ ചെയ്തു.

സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും. വ്യക്തികൾക്കും പ്രിയപ്പെട്ടവർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ കുറയുകയും ചെയ്യും. ഇത് മുന്നിൽ കണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിച്ചത്. സ്തനാർബുദം സ്വയം പരിശോധനയിലൂടെ പലപ്പോഴും കണ്ടെത്താൻ കഴിയാറില്ല.

അതിനാൽ എല്ലാ സ്ത്രീകളും തൊട്ടടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലെത്തി സ്ക്രീനിംഗ് നടത്തണം. ശരീരത്തിൽ ഏതെങ്കിലും തരത്തിലുള്ള അസ്വാഭാവികമായ മുഴകളോ മരവിപ്പോ മറ്റ് പ്രശ്നങ്ങളോ ഉണ്ടെങ്കിൽ സ്ക്രീനിംഗിൽ പങ്കെടുക്കുമ്പോൾ ആരോഗ്യ പ്രവർത്തകരെ വിവരം അറിയിക്കണം. രോഗം സംശയിക്കുന്നവർ വിദഗ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കും തയ്യാറാകണം.

സർക്കാർ ആശുപത്രികൾക്ക് പുറമേ സ്വകാര്യ ആശുപത്രികളിലും സ്ക്രീനിംഗ് ലഭ്യമാണ്.ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

# മെറിഹോം വായ്പപലിശ 7 ശതമാനം മാത്രം

**തിരുവനന്തപുരം:** ഭിന്നശേഷിക്കാർക്ക് വീടു നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും സാമൂഹ്യനീതി വകുപ്പിനു കീഴിൽ സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന നൽകി വരുന്ന മെറിഹോം ഭവന വായ്പയുടെ പലിശ ഏഴു ശതമാനമാക്കി കുറച്ചതായി മന്ത്രി ബിന്ദു അറിയിച്ചു. അമ്പതു ലക്ഷം രൂപ വരെയുള്ള വായ്പക്കാണ് പലിശ ഏഴു ശതമാനമാക്കി കുറച്ചത്. പ്രോസസിങ് ചാർജ് ഇല്ലാതെ ഏറ്റവും ലളിതമായ നടപടിക്രമങ്ങളിലൂടെയാണ് ഭിന്നശേഷിക്കാർക്ക് മെറി ഹോം പദ്ധതിയിൽ വായ്പ നൽകി വരുന്നത്. ഭിന്നശേഷിക്കാർക്ക് ഈ ആവശ്യത്തിന് മറ്റെങ്ങും ലഭിക്കാത്ത കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന സവിശേഷ പദ്ധതിയാണിത്. അർഹരായ മുഴുവൻ ഭിന്നശേഷിക്കാരിലും ഈ പദ്ധതിയുടെ വിവരമെത്താൻ സമൂഹശ്രദ്ധ ഉണ്ടാകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം 695012 എന്ന വിലാസത്തിൽ ബന്ധപ്പെടാം.www.hpwc.kerala.gov.in എന്ന വെബ്സൈറ്റിലും 0471 2347768, 9497281896 എന്നീ നമ്പറുകളിലും വിവരം ലഭിക്കും.

# കൂലിയിൽ അഭിനയിക്കുന്നില്ല; സന്ദീപ് കിഷൻ

**കൊച്ചി/ ഹൈദരാബാദ്:** രജനികാന്തും, സംവിധായൻ ലോകേഷ് കനഗരാജും ഒന്നിക്കുന്ന ബിഗ് ബജറ്റ് ഫിലിം കൂലിയിൽ അഭിനയിക്കുന്നുവെന്ന വാർത്തകളിൽ പ്രതികരിച്ച് നടനും നിർമ്മാതാവുമായ സന്ദീപ് കിഷൻ. കൂലിയിൽ അഭിനയിക്കുന്നുവെന്ന വാർത്ത തെറ്റാണെന്ന് സന്ദീപ് കിഷൻ പറഞ്ഞു. താനും ലോകേഷും തമ്മിൽ വളരെ അടുത്ത സൗഹൃദമാണ് ഉള്ളത്. പുതിയ സിനിമകളെപ്പറ്റിയും മറ്റുള്ള കാര്യങ്ങളെക്കുറിച്ചുമെല്ലാം ഞങ്ങൾ സംസാരിക്കാറുണ്ട്. അതുകൊണ്ടായിരിക്കാം ആളുകൾ അങ്ങനെ വിചാരിച്ചത്. എന്നാൽ, എനിക്ക് ആളുകളോട് പറയാനുള്ളത് ഞാൻ ആ സിനിമയുടെ ഭാഗമാകുന്നില്ല എന്നാണെന്നും സന്ദീപ് കിഷൻ പറഞ്ഞു. രാജ്യമെമ്പാടുമുള്ള യുവജനതയ്ക്കായി ഇന്ത്യയിലെ പ്രമുഖ ഡിടിഎച്ച് സേവനദാതാക്കളായ ഡിഷ് ടിവി സംഘടിപ്പിക്കുന്ന വാച്ചോ സ്റ്റോറിടെല്ലേഴ്സ് കോൺക്ലേവ് രണ്ടാം എഡിഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രജനീകാന്തുമായുള്ള കുടിക്കാഴ്ചയെപ്പറ്റിയും സന്ദീപ് കിഷൻ മനസുതുറന്നു. 'ഒരിക്കൽ രജനി സാറിനെ കാണാൻ അവസരം കിട്ടി. ഒരുപാട് നേരം സംസാരിച്ചു. സിനിമകളെപ്പറ്റിയും വ്യക്തിപരമായും ഒരുപാട് കാര്യങ്ങൾ ഞങ്ങൾ തമ്മിൽ സംസാരിച്ചു. അദ്ദേഹത്തെ കാണാൻ കഴിഞ്ഞതിലും അനുഗ്രഹം വാങ്ങാൻ കഴിഞ്ഞതിലും അതിയായ സന്തോഷമുണ്ട്. ജീവിതത്തിലെ ഏറ്റവും നല്ല മുഹൂർത്തങ്ങളായിരുന്നു അതെന്നും സന്ദീപ് കിഷൻ പറഞ്ഞു.മൈക്കൽ, രായൻ, ക്യാപ്റ്റൻ മില്ലർ എന്നീ സിനിമകൾക്കു ശേഷം ഫെബ്രുവരി 26ന് റിലീസ് ആകുന്ന മസാഖ് ആണ് സന്ദീപ് കിഷന്റെ പുതിയ സിനിമ. കഥകൾ പറയാൻ താൽപര്യമുള്ള യുവപ്രതിഭകളെ കണ്ടെത്തി അവരുടെ സർഗാത്മകത പരിപോഷിപ്പിക്കുകയാണ് വാച്ചോ സ്റ്റോറിടെല്ലേഴ്സ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. കൽക്കത്തയിൽ നടത്തിയ ആദ്യ എഡിഷൻ വൻ വിജയമായിരുന്നു.

# ബാലാവകാശ കമ്മീഷൻ സിറ്റിങ്ങിൽ 32 പരാതികൾ തീർപ്പാക്കി

**ആലപ്പുഴ:** സംസ്ഥാനബാലാവകാശ സംരക്ഷണ കമ്മിഷൻ ആലപ്പുഴ ഗവ. ഗസ്റ്റ്ഹൗസിൽ സംഘടിപ്പിച്ച സിറ്റിങ്ങിൽ 32 കേസുകൾ തീർപ്പാക്കി. കമ്മിഷൻ അംഗങ്ങളായ അഡ്വ. റ്റി. സി ജലജ മോൾ, സിസിലി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ രാവിലെ ആരംഭിച്ച സിറ്റിങ്ങിൽ 37 കേസുകൾ പരിഗണിച്ചു. രണ്ട് കേസുകൾ അടുത്ത സിറ്റിങ്ങിലേക്ക് മാറ്റി വെക്കുകയും മൂന്ന് കേസുകൾ വിശദമായ പരിശോധനക്ക് വിടുകയും ചെയ്തു.

അങ്കണവാടികൾ ആക്ഷേപങ്ങൾക്ക് ഇടകൊടുക്കാതെ പ്രവർത്തിക്കണമെന്ന് കമ്മിഷൻ നിർദ്ദേശിച്ചു. അമ്മ ഉപേക്ഷിച്ചുപോയ അസുഖബാധിതരായ രണ്ട് കുട്ടികൾക്ക് ചികിത്സാ രേഖകൾ പരിശോധിച്ച് ചികിത്സാ സഹായം ഉറപ്പാക്കാൻ ജില്ലാ ശിശുസംരക്ഷണ ഓഫീസറോട് കമ്മിഷൻ നിർദ്ദേശിച്ചു. കുട്ടികളുടെ കസ്റ്റഡി കേസുകളിൽ കോടതിയാണ് അന്തിമ തീരുമാനം എടുക്കുന്നതെന്നും കോടതികളിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്ന കേസുകളിൽ ബാലാവകാശ കമ്മിഷന് ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയില്ലെന്നും കമ്മിഷൻ വ്യക്തമാക്കി.

ലീഗൽ സെക്ഷൻ ഓഫീസർ മേരി റേച്ചൽ, അസിസ്റ്റന്റ് കെ. അൻവർ എന്നിവർ സിറ്റിങ്ങിൽ പങ്കെടുത്തു.

# വിജ്ഞാന ആലപ്പുഴ മെഗാ തൊഴിൽമേള ഇന്ന്; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**ആലപ്പുഴ:** സംസ്ഥാനത്തെ തൊഴിൽ അന്വേഷകർക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സംസ്ഥാനസർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിജ്ഞാന കേരളം പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ട് ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വിജ്ഞാന ആലപ്പുഴ മെഗാതൊഴിൽമേള ഇന്ന് ഫെബ്രുവരി 15 ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യും. രാവിലെ 10 മണിക്ക് ആലപ്പുഴ എസ്.ഡി കോളേജിൽ ആരംഭിക്കുന്ന മേളയുടെ ജില്ലാതല ഉദ്ഘാടനം ഫിഷറീസ്, സാംസ്കാരിക, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ നിർവഹിക്കും. കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് തൊഴിൽ ലഭിച്ചവർക്കുള്ള ഉത്തരവുകളുടെ വിതരണോദ്ഘാടനം നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാജേശ്വരി അധ്യക്ഷയാകും. ഉപഹാര സമർപ്പണം എച്ച് സലാം എം.എൽ.എയും സർട്ടിഫിക്കറ്റ് വിതരണം പി.പി ചിത്തരഞ്ജൻ എം.എൽ.എയും നിർവഹിക്കും.

എം.പി.മാരായ കെ.സി വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എ.മാരായ തോമസ് കെ തോമസ്, യു പ്രതിഭ, എം എസ് അരുൺ കുമാർ, രമേശ് ചെന്നിത്തല, ദലീമ, കെഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി വി ഉണ്ണികൃഷ്ണൻ, കേരള നോളജ് എക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകല തുടങ്ങിയവർ മുഖ്യാതിഥികളാകും.

മുൻ ധനകാര്യ മന്ത്രിയും വിജ്ഞാന കേരളം ഉപദേഷ്ടാവുമായ ഡോ. ടി എം തോമസ് ഐസക്ക് വിജ്ഞാന കേരളം പദ്ധതി അവതരണം നടത്തും. ജില്ലാ കളക്ടർ അലക്സ് വർഗീസ്, ആലപ്പുഴ നഗരസഭ ചെയർപേഴ്സൺ കെ കെ ജയമ്മ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ആർ ദേവദാസ്, സി കെ ഷിബു, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.



ചാവറ കൾച്ചറൽ സെന്ററിൽ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സെമിനാർ എസ്. എച്ച്. പഞ്ചാപകേശൻ ഉദ്ഘാടനം ചെയ്യ്തു പ്രസംഗിക്കുന്നു. അഫ്രീദ് കെ. എച്ച്, ഫാ. മാത്യു കിരിയാന്തൻ സി. എം. ഐ, എ. നിസാ, ഡി. ബി. ബിനു, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ എന്നിവർ സമീപം.

# സമൂഹത്തിൽ ഏറ്റവും അധികം പരിഗണന ലഭിക്കേണ്ടത് ഭിന്നശേഷിക്കാർക്ക്: പഞ്ചാപകേശൻ

**കൊച്ചി :** സമൂഹത്തിൽ ഏറ്റവും അധികം പരിഗണന ലഭിക്കേണ്ട മതേതര വിഭാഗമാണ് ഭിന്നശേഷിയുള്ളവരെന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷൻ മുൻ കമ്മീഷണർ എസ്. എച്ച്. പഞ്ചാപകേശൻ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്റർ സംഘടിപ്പിച്ച ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാരുടെ ക്ഷേമം മാത്രമല്ല, അത് അവകാശം കൂടിയാണെന്ന് പുതിയ നിയമം വ്യക്തമാക്കുന്നു. ധാർമികാധിഷ്ഠിത തുല്യത കൊടുക്കാൻ സാധിക്കണം, വിവേചനരഹിതമായ തുല്യത നൽകാൻ കഴിയണമെന്നും അതിനായി പ്രതിബദ്ധതയുള്ള സമൂഹം ഉണരണമെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എറണാകുളം ജില്ലാ പ്രസിഡന്റ് ഡി. ബി. ബിനു അധ്യക്ഷത വഹിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ., കൊച്ചി കോർപറേഷൻ ഹരിത മിഷൻ കോഡിനേറ്റർ എ. നിസാ, കൊച്ചിൻ കോളേജ് എൻ . എസ്. എസ്. കോഡിനേറ്റർ അഫ്രീദ് കെ. എച്ച് എന്നിവർ പ്രസംഗിച്ചു.

മാലിന്യ മുക്ത നവ കേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ചാവറ കൾച്ചറൽ സെന്ററും ഹരിത കേരളം മിഷനും സംയുക്തമായി സംഘടിപ്പിച്ച, എറണാകുളം കെ. എസ്. ആർ. ടി. സി. ബസ് സ്റ്റാൻഡിലും ഹരിത കൺസുമർ ദിന പരിപാടിയിലും പങ്കെടുത്ത എന്റെ. എസ്. എസ്., സ്കൗട്ട് & ഗെയിംസ് വോളണ്ടിയർമാർക്ക് എസ്. എച്ച്. പഞ്ചാപകേശൻ, സേവ സെക്രട്ടറി ഫാ. മാത്യു കിരിയാന്തൻ സി. എം. ഐ.,.ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. എന്നിവർ ചേർന്ന് സർട്ടിഫിക്കറ്റുകൾ നൽകി.



# ഡിജിറ്റൽ റീ സർവേയുടെ മൂന്നാംഘട്ടത്തിന് തുടക്കം

**തിരുവനന്തപുരം:** സംസ്ഥാനത്തെ രണ്ടാം ഭൂപരിഷ്കരണമായി ഡിജിറ്റൽ റീ സർവേ മാറുന്ന ഘട്ടമാണ് വരുന്നതെന്ന് റവന്യൂ മന്ത്രി കെ. രാജൻ. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച ഡിജിറ്റൽ സർവേ മൂന്നാംഘട്ടത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ചാത്തന്നൂർ ചിറക്കരയിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ഭൂവിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പരിഹരിക്കുന്ന നാടായി കേരളത്തെ രാജ്യത്തിന് മുന്നിൽ അവതരിപ്പിക്കും. ഭൂരേഖകളുടെ അവസാനത്തെ സെറ്റിൽമെന്റ് ഈ സർക്കാറിന്റെ കാലത്ത് തന്നെ നടപ്പാക്കുന്നതിനായി നിയമസഭ ഒരു സെറ്റിൽമെന്റ് ആക്റ്റുണ്ടാക്കി പ്രഖ്യാപിക്കാൻ പോകുകയാണ്. വിവിധ സേവനങ്ങൾ ഉൾപ്പെടുത്തി എന്റെ ഭൂമി എന്ന പേരിൽ സംയോജിത പോർട്ടൽ തയാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമെന്ന അപൂർവ ബഹുമതിയിലേക്ക് കൂടി കേരളം കടക്കുന്നു. ലോകത്തോടൊപ്പം കേരളം നടക്കുന്ന നാളുകളാണിത്. പരാതിരഹിതമായ ഡിജിറ്റൽ റീ സർവേ സംവിധാനം നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഭൂരേഖകൾക്ക് അന്തിമ തീരുമാനമുണ്ടാകും. ആരുടെയെങ്കിലും ഭൂമിയുടെ അതിര് നിഷ്പ്രയാസം മാറ്റാമെന്ന ധാരണ പൊളിക്കുകയാണ് കേരളത്തിലെ ഡിജിറ്റൽ റീസർവേ. ഭൂമി അളന്നു തിട്ടപ്പെടുത്തി റവന്യൂ രേഖകളുടെ ഭാഗമായി മാറിയാൽ ഒരു ഡിജിറ്റൽ വേലി അതിർത്തിക്ക് പുറത്ത് രൂപീകരിക്കപ്പെടുകയാണെന്നും മന്ത്രി വ്യക്തമാക്കി.

വീട്ടിലെ ഒരാൾക്കെങ്കിലും റവന്യൂ സേവനം സ്വന്തം മൊബൈലിൽനിന്ന് ചെയ്യാൻ കഴിയുംവിധം ഒരു വർഷം നീളുന്ന പ്രവർത്തനങ്ങളിലൂടെ റവന്യൂ ഇസാക്ഷരത കേരളത്തിൽ നടപ്പാക്കും. എ.ടി.എം കാർഡിന്റെ വലുപ്പത്തിൽ ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് അവതരിപ്പിക്കുന്ന സംസ്ഥാനമായി നവംബറോടെ കേരളത്തെ മാറ്റും. 4700ലധികം താൽക്കാലിക ജീവനക്കാരെ നിയമിച്ചാണ് ഡിജിറ്റൽ റീസർവേ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 6,20,000 ഹെക്ടർ ഭൂമി കൃത്യതയോടെ അളന്നെടുക്കാൻ സർവേ വകുപ്പിനായത് അഭിമാനകരമായ നേട്ടമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ ജി.എസ്. ജയലാൽ എം.എൽ.എ അധ്യക്ഷനായി. സർവേയും ഭൂരേഖയയും വകുപ്പ് ഡയറക്ടർ സീറാം സാംബശിവ റാവു പദ്ധതി വിശദീകരിച്ചു. പി.എസ്. സുപാൽ എം.എൽ.എ, ജില്ലാ കലക്ടർ എൻ. ദേവിദാസ്, സബ് കലക്ടർ നിശാന്ത് സിൻഹാര, എ.ഡി.എം ജി. നിർമൽകുമാർ, സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ സലീം, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.കെ ശ്രീകുമാർ, ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.കെ. ചന്ദ്രകുമാർ, ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ആർ സജില, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, റവന്യൂസർവേ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

കൃത്യതയോടെയും ശാസ്ത്രീയമായും ഭൂമി അളക്കുന്നതിനും വികസന ആവശ്യങ്ങൾക്കായി ഭൂവിവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുമായി ആരംഭിച്ച ഡിജിറ്റൽ റീ സർവേയുടെ ഒന്നാം ഘട്ടത്തിൽ സർവേ ആരംഭിച്ച 200 വില്ലേജുകളിലെയും രണ്ടാം ഘട്ടത്തിൽ 203 വില്ലേജുകളിലെ 47 വില്ലേജുകളിലെയും സർവേ പൂർത്തീകരിച്ചിട്ടുണ്ട്. ജനപക്ഷം ചാത്തന്നൂർ പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും സ്ഥാപിക്കുന്ന സ്വയംസേവന കിയോസ്കിന്റെ ഉദ്ഘാടനം മീനാട് വില്ലേജ് ഓഫീസിൽ മന്ത്രി നിർവഹിച്ചു.

## സ്വാതി സംഗീതപുരസ്കാരവും എസ്.എൽ. പുരം സദാനന്ദൻ നാടക പുരസ്കാരവും സമ്മാനിച്ചു

**തിരുവനന്തപുരം:** സംസ്ഥാന സർക്കാറിന്റെ 2021 ലെ സ്വാതി സംഗീത പുരസ്കാരം സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഭാരത് ഭവനിൽ നടന്ന ചടങ്ങിൽ പ്രൊഫ. പി. ആർ. കുമാര കേരള വർമ്മയ്ക്ക് സമ്മാനിച്ചു. രണ്ട് ലക്ഷം രൂപയും സർട്ടിഫിക്കറ്റും പ്രശസ്തി പത്രവും പൊന്നാടയും അടങ്ങുന്നതാണ് പുരസ്കാരം. 2021 ലെ എസ്.എൽ. പുരം സദാനന്ദൻ നാടക പുരസ്കാരം കെ പി എ സി ലീലയും 2022 ലെ പുരസ്കാരം വേട്ടക്കുളം ശിവാനന്ദനും മന്ത്രിയിൽ നിന്നും സ്വീകരിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.

കർണ്ണാടക സംഗീതത്തിന്റെ വിവിധ മേഖലകളിൽ നിസ്തുലമായ സംഭാവനകൾ നൽകിയ സർവ്വതലസ്പർശിയായ കലാകാരനാണ് പ്രൊഫ. പി. ആർ. കുമാര കേരള വർമ്മ. മലയാള നാടകവേദിയിലെ വൈവിധ്യപൂർണ്ണമായ സ്ത്രീകഥാപാത്രങ്ങൾക്ക് ജീവനേകിയ പ്രതിഭയാണ് കെ പി എ സി ലീല. ഏഴു പതിറ്റാണ്ടുകളായി നാടകരംഗത്തെ ഹൃദയത്തിലേറ്റിയ വ്യക്തിത്വമാണ് വേട്ടക്കുളം ശിവാനന്ദൻ. സാംസ്കാരിക കേരളത്തിന്റെ അഭിമാനമായ മൂന്നു പ്രതിഭകളെയും അഭിനന്ദിക്കുന്നു. സാംസ്കാരിക വകുപ്പിന്റെ അതിവിശിഷ്ട പുരസ്കാരങ്ങൾ കലയുടെ അഭിമാനപ്രതിഭകൾക്ക് നൽകുന്നതിൽ ആത്മാർത്ഥമായ സന്തോഷമുണ്ടെന്നും മന്ത്രി പറഞ്ഞു.

സർക്കാർ സാംസ്കാരിക മേഖലയിൽ ഒട്ടനവധി മികച്ച പദ്ധതികൾ ആവിഷ്കരിക്കുകയാണ്. സാംസ്കാരിക പ്രതിഭകളുടെ കലാപരിപാടികൾ ചിത്രീകരിച്ചു ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കുന്ന രാജ്യത്തെ തന്നെ ആദ്യ പദ്ധതി ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിനകം പതിനായിരത്തോളം വിവിധ മേഖലയിലെ കലാകാരന്മാരുടെ പരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിച്ച ചടങ്ങിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ സ്വാഗതം ആശംസിച്ചു. കേരള സംഗീത നാടക അക്കാഡമി വൈസ് ചെയർമാൻ പി. ആർ പുഷ്പവതി, ഭാരത് ഭവൻ മെമ്പർ സെക്രട്ടറി ഡോ. പ്രമോദ് പയ്യന്നൂർ എന്നിവർ ആദരപത്ര പാരായണം നടത്തി. പുരസ്കാര ജേതാക്കൾ മറുപടി പ്രസംഗം നടത്തി. കേരള സംഗീത നാടക അക്കാഡമി സെക്രട്ടറി കരിവെള്ളൂർ മുരളി നന്ദി പറഞ്ഞു.

## ജാർഖണ്ഡ് ഉദ്യോഗസ്ഥസംഘം ആലപ്പുഴ ജില്ലാപഞ്ചായത്ത് സന്ദർശിച്ചു

**ആലപ്പുഴ:** ജില്ലാപഞ്ചായത്തിന്റെ വികസനക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും ഭരണ നിർവഹണവും പഠിക്കാൻ ജാർഖണ്ഡിലെ 24 ജില്ലാ പഞ്ചായത്തുകളെ പ്രതിനിധീകരിച്ച് സംഘം വ്യാഴാഴ്ച ജില്ലാ പഞ്ചായത്ത് സന്ദർശിച്ചു. ജാർഖണ്ഡിലെ ഡിയോഗർ ജില്ലാ പഞ്ചായത്ത് രാജ് ഓഫീസർ രൺബീർ കുമാർ സിംഗിന്റെ നേതൃത്വത്തിലുള്ള പത്തംഗ സംഘമാണ് ആലപ്പുഴയിൽ എത്തിയത്.

ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചർച്ചയിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ആർ ദേവദാസ് നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങൾ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും പഞ്ചായത്ത് അംഗങ്ങളുടെയും ചുമതലകൾ തുടങ്ങിയവ വിശദീകരിച്ചു.

ജനകീയാസൂത്രണ പദ്ധതി, പഞ്ചായത്ത് രാജ് ആക്ട് തുടങ്ങിയവ പഠിക്കാൻ കില സംഘടിപ്പിച്ച എക്സ്പോഷർ വിസിറ്റിന്റെ ഭാഗമായാണ് സംഘം സന്ദർശനം നടത്തിയത്. ജാർഖണ്ഡിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് സംഘം യോഗത്തിൽ വിശദീകരിച്ചു. ക്ഷേമ പ്രവർത്തനങ്ങളും നൂതനാശയങ്ങളും അവതരിപ്പിക്കുന്നതിൽ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ മാതൃക സ്വീകരിക്കാൻ ആഗ്രഹിക്കുന്നതായി സംഘം അഭിപ്രായപ്പെട്ടു.

യോഗത്തിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ്, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ അഡ്വ .ടി.എസ്. താഹ, എം.വി. പ്രിയ, ജില്ലാ പഞ്ചായത്തംഗങ്ങളായ അഡ്വ.ആർ റിയാസ്, ഹേമലത മോഹൻ, ജെപിസി വി. പ്രദീപ് കുമാർ, സീനിയർ സൂപ്രണ്ട് പി വി വിനോദ്, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ആയുർവേദ മെഡിക്കൽ ഓഫീസർ നിയമനം

**തൊടുപുഴ:** തൊടുപുഴയിലെ ഇടുക്കി ജില്ല ആയുർവേദ ആശുപത്രിയിൽ മെഡിക്കൽ ഓഫീസർ (കൗമാരഭൃത്യം) തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തും.

പ്രായപരിധി: 2021 ജനുവരി ഒന്നിന് 41 വയസ്സ് കവിയരുത് (ഇളവുകൾ അനുവദനീയം). ബി.എ.എം.എസ് ബിരുദവും കൗമാരഭൃത്യത്തിൽ ബിരുദാനന്തര ബിരുദവും കൗൺസിൽ രജിസ്ട്രേഷനും ഉള്ളവർ അതത് പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി 20നകം ഹാജരാകണം.

# സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിന് തുടക്കമായി

**തിരുവനന്തപുരം:** 49ാം സീനിയർ നാഷണൽ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പിരപ്പൻകോട് ഇന്റർനാഷണൽ അക്വാട്ടിക് കോംപ്ലക്സിൽ 16 വരെ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ ആയിരത്തോളം താരങ്ങൾ അണിനിരക്കും. യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യ, യോഗ അസോസിയേഷൻ ഓഫ് കേരള, കേരള സ്പോർട്സ് കൗൺസിൽ എന്നിവ സംയുക്തമായാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്.

കേരളത്തിന്റെ കായിക മേഖലയ്ക്കാകെയും യോഗ സ്പോർട്സിന് വിശേഷിച്ചും മുതൽക്കൂട്ടാകുന്ന ഒന്നായി ഈ ചാമ്പ്യൻഷിപ്പ് മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ശരീരത്തിന്റെയും മനസ്സിന്റെയും ഏറ്റവും സന്തുലിതവും ആരോഗ്യകരവുമായ ഒത്തുചേരലാണ് യോഗ സാധ്യമാക്കുന്നത്. ശാരീരികാരോഗ്യം മാനസികാരോഗ്യത്തിനും മാനസികാരോഗ്യം ശാരീരികാരോഗ്യത്തിനും അത്യന്താപേക്ഷിതമാണ്. ഇവ പരസ്പര പൂരകവുമാണ്. ഇങ്ങനെയുള്ള ഒരു സമഗ്ര കാഴ്ചപ്പാട് മുൻനിർത്തിയാണ് സംസ്ഥാന സർക്കാർ യോഗയെ പ്രോത്സാഹിപ്പിക്കുന്നത്.

കായിക താരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി യോഗയെ ഉപയോഗപ്പെടുത്തുന്നതിനായുള്ള നടപടികൾ ഇതിനോടകം തന്നെ കേരളത്തിൽ സ്വീകരിച്ചിട്ടുണ്ട്.

പത്തുവർഷം കൊണ്ട് സമ്പൂർണ കായിക സാക്ഷരത കൈവരിച്ച ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതോടൊപ്പം ആരോഗ്യ രംഗത്ത് ഉയർന്നു വരുന്ന പുതിയ വെല്ലുവിളികൾ മറികടക്കാൻ യോഗയെ പ്രയോജനപ്പെടുത്തുക കൂടി ചെയ്യുന്നുണ്ട്. അത്തരം പ്രവർത്തനങ്ങൾക്ക് കരുത്തു പകരുന്നതാകും ഇത്തരം ചാമ്പ്യൻഷിപ്പുകൾ.

ജീവിതശൈലി രോഗങ്ങളെ ചെറുക്കുന്നതിനും യോഗയുടെ പ്രാധാന്യം എല്ലാ ജനങ്ങളിലേക്കുമെത്തിക്കുന്നതിനുമായി 2023 ജൂണിൽ യോഗ ദിനത്തോടനുബന്ധിച്ച് ആയിരം ആയുഷ് യോഗാ ക്ലബ്ബുകളും അറുനൂറ് വനിതാ യോഗാ ക്ലബ്ബുകളും വാർഡ് അടിസ്ഥാനത്തിൽ രൂപീകരിച്ചു.

ആയുഷ് മിഷൻ നടപ്പിലാക്കുന്ന ആയുഷ് ഗ്രാമം പദ്ധതിയിൽ ജീവിതശൈലി രോഗങ്ങളെ ചെറുക്കുന്നതിനും സ്കൂൾ കുട്ടികളുടേതടക്കം ശാരീരികവും മാനസികാവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും യോഗാ പരിശീലനം നൽകിവരുന്നുണ്ട്.

വയോജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്ഥാപന തലത്തിൽ തന്നെ യോഗാ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഇതെല്ലാം തന്നെ യോഗയുടെ രംഗത്ത് സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകളുടെ ദൃഷ്ടാന്തങ്ങളാണെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

യോഗ ശാസ്ത്രീയമായി പരിശീലിപ്പിക്കുന്ന നിരവധിയായിട്ടുള്ള പ്രസ്ഥാനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ദേശീയ യോഗ സ്പോർട്സ് ചാമ്പ്യൻഷിപ്പിന് കേരളം വേദിയാകുന്നു എന്നത് സംസ്ഥാനത്തെ കായിക മേഖലയ്ക്ക് ഏറെ അഭിമാനം പകരുന്ന ഒരു കാര്യമാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന കായിക വകുപ്പ് മന്ത്രി വി അബ്ദുറഹ്മാൻ പറഞ്ഞു.

ഡി കെ മുരളി എം.എൽ.എ, ഏഷ്യൻ യോഗ ഫെഡറേഷൻ പ്രസിഡന്റ് അശോക് കുമാർ അഗർവാൾ, യോഗ ഫെഡറേഷൻ ഓഫ് ഇന്ത്യ പ്രസിഡന്റ് ഇന്ദു അഗർവാൾ, യോഗാചാര്യനും എഴുത്തുകാരനുമായ ശ്രീ എം തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ഉന്നത വിദ്യാഭ്യാസ റാങ്കിങ് പുരസ്കാരങ്ങൾ ഇന്ന് സമ്മാനിക്കും

**കൊച്ചി:** കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ 2024 ലെ പുരസ്കാരങ്ങൾ ഇന്ന് (ഫെബ്രു 15 ) കൊച്ചിയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി ആർ. ബിന്ദു വിതരണം ചെയ്യും. എറണാകുളം സെന്റ് . തെരേസാസ് കോളജിൽ രാവിലെ 10 മുതലാണ് പുരസ്കാരവിതരണം.

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉപാധ്യക്ഷൻ ഡോ. രാജൻ ഗുരുക്കൾ അധ്യക്ഷത വഹിക്കും. നാക് മുൻ ഡയറക്ടറും ബംഗ്ലൂരു ഹ്യൂമൻ ജനറ്റിക്സ് പ്രൊഫസറുമായ ഗംഗനാഥ് എച്ച് അന്നേഗൗഡ,ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഇഷിത റോയ്, ഉന്നത വിദ്യാഭ്യാസ മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗീസ്, സെന്റ് തെരേസാസ് കോളജ് പ്രിൻസിപ്പാൾ ഡോ. അൽഫോൻസ വിജയ ജോസഫ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിസർച്ച് ഓഫീസർ ടിങ്കു പി ജയിംസ് എന്നിവർ സംസാരിക്കും.

റാങ്കിംഗ് സമ്പ്രദായം ലക്ഷ്യമിടുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വിദ്യാർത്ഥികൾക്ക് സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ്. ഇത്തരമൊരു സംസ്ഥാനതല റാങ്കിംഗ് സംവിധാനം നടപ്പാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം.

സർവകലാശാലകളിൽ കുസാറ്റ്, കേരള യൂണിവേഴ്സിറ്റി, എംജി യൂണിവേഴ്സിറ്റി എന്നിവയാണ് ആദ്യ മൂന്നു സ്ഥാനങ്ങളിൽ. കോളജ് വിഭാഗത്തിൽ തിരുവനന്തപുരം യൂണിവെഴ്സ്റ്റി കോളജ്, എറണാകുളം രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ്, സെന്റ് തെരേസാസ് എന്നിവ യഥാക്രമം ആദ്യ മൂന്നു സ്ഥാനങ്ങളിലെത്തി. എഞ്ചിനിയറിങ് കോളജ് വിഭാഗത്തിൽ തിരുവനന്തപുരം സി.ഇ.ടി., തൃശൂർ എഞ്ചിനിയറിങ് കോളജ്, കൊല്ലം ടി കെ എം എഞ്ചിനിയറിങ് കോളജ് എന്നിവയാണ് ആദ്യ മൂന്നു സ്ഥാനങ്ങളിൽ.

നഴ്സിംഗ് കോളജ് വിഭാഗത്തിൽ തിരുവനന്തപുരം നഴ്സിങ് കോളജ് ഒന്നാമതെത്തി. എഞ്ചിനീയറിംഗ്, ആർട്സ് ആൻഡ് സയൻസ്, ടീച്ചർ എഡ്യൂക്കേഷൻ, വെറ്റിനറി, നഴ്സിംഗ് തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ റാങ്കിംഗുകൾ ഉണ്ട്. സർക്കാർ കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, യൂണിവേഴ്സിറ്റി കോളേജ് എന്നിവ വിവിധ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടി. 12 വിഭാഗങ്ങളിലായി 449 സ്ഥാപനങ്ങളെയാണ് റാങ്കിങിന് പരിഗണിച്ചത്. ഇതിൽ സർക്കാർ മേഖലയിൽ നിന്ന് കോളജുകളിൽ 12 ഉം എഞ്ചിനിയറിങ് കോളജുകളിൽ ആറും നഴ്സിങ്, ടീച്ചർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നു വീതവും കാർഷിക അനുബന്ധ മേഖലയിൽ നിന്ന് അഞ്ചും സ്ഥാപനങ്ങൾ റാങ്കു നേടി.

## അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ടുകൾ പിടിച്ചെടുത്തു

**തൃശൂർ:** കേന്ദ്രസംസ്ഥാന സർക്കാരുകൾ നിയമം മൂലം നിരോധിച്ച കണ്ണി വലുപ്പം കുറഞ്ഞ വലകൾ ഉപയോഗിച്ച് അനധികൃത മത്സ്യബന്ധനം നടത്തിയ ബോട്ടുകൾ പിടിച്ചെടുത്തു. ഫിഷറീസ് മറൈൻ എൻഫോഴ്സ്മെന്റ് കോസ്റ്റൽ പോലീസ് സംയുക്ത സംഘം നടത്തിയ പരിശോധനയിലാണ് ബോട്ടുകൾ പിടിച്ചെടുത്തത്. നിരോധിത വലകളിൽ മത്സ്യകുഞ്ഞുങ്ങളെയടക്കം കോരിയെടുക്കുന്നത് കേന്ദ്രസംസ്ഥാന സർക്കാരുകൾ നിരോധിച്ച മത്സ്യ ബന്ധന രീതിയാണ്. കണ്ണി വലിപ്പം കുറഞ്ഞ നെറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനംമൂലം മത്സ്യസമ്പത്ത് നശിക്കുകയും കടലിന്റെ ആവാസ വ്യവസ്ഥ തന്നെ തകരുകയും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത കുറയുകയും ചെയ്യുമെന്ന് കാണിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പരാതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ ഡോ. സി. സീമയുടെയും അഴിക്കോട് തീരദേശ പോലീസ് സ്റ്റേഷനിലെ എസ്ഐ പി.പി ബാബുവിന്റെയും നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം നടത്തിയ മിന്നൽ പരിശോധനയിലാണ് ഇതര സംസ്ഥാന തൊഴിലാളികളെ ഉപയോഗപ്പെടുത്തി അനധികൃത മത്സ്യബന്ധനം നടത്തിയ മുനമ്പം പള്ളിപ്പുറം സ്വദേശി ചെമ്പങ്ങാട്ട് വീട്ടിൽ ദുർഗ്ഗജീവൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള ദേവമാത1 ബോട്ട് പിടിച്ചെടുത്തത്.

പരിശോധനയിൽ ബോട്ടുകളിൽ ഉപയോഗിച്ചിരുന്ന കണ്ണി വലുപ്പം കുറഞ്ഞ വലകൾ, ഹൈവോൾട്ടേജ് എൽ ഇഡി ലൈറ്റുകൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, ട്യൂബ് ലൈറ്റുകൾ എന്നിവ പിടിച്ചെടുത്തു. ഇവർക്കെതിരെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ (കെഎംഎഫ് റെഗുലേഷൻ ആക്ട്) പ്രകാരം കേസെടുക്കുകയും നിയമനടപടികൾ പൂർത്തിയാക്കിയ ബോട്ടിലെ മത്സ്യം ലേലം ചെയ്ത് ലഭിച്ച ഒരു ലക്ഷത്തി എൺപത്തേഴായിരത്തി തൊള്ളായിരം രൂപ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തു. അനധികൃത മത്സ്യബന്ധനം നടത്തിയതിന് രണ്ടരലക്ഷം രൂപയടക്കം മൊത്തം നാല് ലക്ഷത്തി മുപ്പത്തേഴായിരത്തി തൊള്ളായിരം രൂപ പിഴ ചുമത്തി.

# ഐഎസ്എൽ: കൊച്ചി മെട്രോ സർവീസ് രാത്രി 11 മണി വരെ

കൊച്ചി: ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിന്റെ ഭാഗമായി കേരളബ്ലാസ്റ്റേഴ്സും മോഹൻബഗാനും തമ്മിൽ ശനിയാഴ്ച ജവഹർലാൽ നെഹ്റു ഇൻർനാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന മൽസരം കാണാനെത്തുവർക്കായി കൊച്ചി മെട്രോ സർവ്വീസിന്റെ സമയം ദീർഘിപ്പിച്ചതായ കെഎംആർഎൽ അധികൃതർ അറിയിച്ചു.ശനിയാഴ്ച രാത്രി 11 മണിവരെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും സർവ്വീസ് ഉണ്ടാകും.

രാത്രി 9.39, 9.47, 9.56, 10.04, 10.13, 10.21, 10.30, 10.39, 10.48, 11 എന്നീ സമയങ്ങളിലായി 10 സർവീസുകൾ ജെ.എൽ.എൻ സ്റ്റേഡിയത്തിൽ നിന്ന് തൃപ്പൂണിത്തുറയിലേക്ക് ഉണ്ടാകും. അതുപോലെ 9.38, 9.47, 9.55, 10.04, 10.12, 10.21, 10.29, 10.38, 10.46 , 10.55, 11 എന്നീ സമയങ്ങളിൽ ആലുവയിലേക്കും സർവ്വീസ് ഉണ്ടാകും



# മഹാകുംഭമേളയിൽ വിശ്വഗുരു പദവി നൽകി ആദരിച്ചു

**പ്രയാഗ് രാജ് :** ഇസ്കോണിന്റെയും വേൾഡ് വൈഡ് ഹരേ കൃഷ്ണ പ്രസ്ഥാനത്തിന്റെയും സ്ഥാപക ആചാര്യനായ എ.സി. ഭക്തിവേദാന്ത സ്വാമി പ്രഭുപാദയെ അഖില ഭാരതീയ അഖാര പരിഷത്ത് വിശ്വ ഗുരു എന്ന പദവി നൽകി ആദരിച്ചു. അഖാര പരിഷത്തിന്റെ പ്രസിഡന്റ് എച്ച്.എച്ച്. മഹന്ത് രവീന്ദ്ര പുരി ജി മഹാരാജ്, നിരഞ്ജനി അഖാരയിലെ ആചാര്യ മഹാമണ്ഡലേശ്വർ, ആവാഹൻ അഖാരയിലെ ആചാര്യ മഹാമണ്ഡലേശ്വർ അവധൂത് അരുൺ ഗിരി ജി മഹാരാജ്, വിവിധ അഖാരകളിൽ നിന്നുള്ള മറ്റ് മഹാമണ്ഡലേശ്വർമാർ, സെക്രട്ടറിമാർ, മുതിർന്ന സന്യാസിമാർ, ആയിരക്കണക്കിന് ഭക്തർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. ഗ്ലോബൽ ഹരേ കൃഷ്ണ പ്രസ്ഥാനത്തിന്റെ ചെയർമാനും മെന്ററും ഇസ്കോൺ ബാംഗ്ലൂരിന്റെ പ്രസിഡന്റുമായ മധു പണ്ഡിറ്റ് ദാസ, ഗ്ലോബൽ ഹരേ കൃഷ്ണ പ്രസ്ഥാനത്തിന്റെ വൈസ് ചെയർമാനും സഹമെന്ററും ഇസ്കോൺ ബാംഗ്ലൂരിന്റെ സീനിയർ വൈസ് പ്രസിഡന്റുമായ ചഞ്ചലപതി ദാസ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.മഹാ കുംഭമേളയിൽ ശ്രീല പ്രഭുപാദർക്ക് വിശ്വഗുരു പദവി നൽകിയത് കാണാൻ കഴിഞ്ഞതിൽ തനിക്കും മുഴുവൻ ഇസ്കോൺ സമൂഹത്തിനും അതിയായ സന്തോഷവും സന്തോഷവും തോന്നുന്നുവെന്ന് മധു പണ്ഡിറ്റ് ദാസ പറഞ്ഞു.

ഇന്ത്യയുടെ തീരങ്ങൾക്ക് അപ്പുറത്തുള്ള നമ്മുടെ സനാതന ധർമ്മം, നമ്മുടെ കാലാതീതമായ പുരാതന ജ്ഞാനം, ഭാരതീയ സംസ്കാരം, ജീവിതരീതി എന്നിവ സ്വീകരിക്കാൻ ആളുകളെ പ്രേരിപ്പിച്ചതിന് ശ്രീല പ്രഭുപാദരെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തത് ഞങ്ങൾക്ക് അഭിമാനമാണെന്നും മധു പണ്ഡിറ്റ് ദാസ പറഞ്ഞു.

# ബാബു എബ്രഹാം കള്ളിവയലിൽ ചുമതലയേറ്റു



**കൊച്ചി:** ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെ അപ്പക്സ് ബോഡിയായ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) സെൻട്രൽ കൗൺസിൽ അംഗമായി ബാബു എബ്രഹാം കള്ളിവയലിൽ ചുമതലയേറ്റു. ന്യൂഡൽഹിയിലെ ഐസിഎഐ ആസ്ഥാനത്ത് നടന്ന ചടങ്ങിലാണ് ചുമതലയേറ്റത്. നാലാം തവണയും സെൻട്രൽ കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെടുന്ന ആദ്യ മലയാളിയാണ് ബാബു എബ്രഹാം കള്ളിവയലിൽ. ഐസിഎഐയുടെ സതേൺ ഇന്ത്യ റീജിയണൽ കൗൺസിൽ ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

24 ഏഷ്യ പസിഫിക് രാജ്യങ്ങൾ ഉൾക്കൊള്ളുന്ന 33 പ്രൊഫഷണൽ ബോഡികളെ പ്രതിനിധീകരിച്ച് അദ്ദേഹം കോൺഫെഡറേഷൻ ഓഫ് ഏഷ്യൻ ആൻഡ് പസിഫിക് അക്കൗണ്ടന്റ്സിന്റെ പബ്ലിക് സെക്ടർ ഫിനാൻസ് മാനേജ്മെന്റ് കമ്മിറ്റിയിൽ അംഗമാണ്. സൗത്ത് ഏഷ്യൻ ഫെഡറേഷൻ ഓഫ് അക്കൗണ്ടന്റ്സിസിന്റെ എഡ്യുക്കേഷൻ, ട്രെയിനിംഗ് ആൻഡ് സി പി ഡി കമ്മിറ്റിയുടെ അധ്യക്ഷനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.കെ എസ് ഐ ഡി സിയുടെ ഡയറക്ടറായും ബാബു എബ്രഹാം കള്ളിവയലിൽ പ്രവർത്തിച്ചിട്ടുണ്ട്.

# മറയൂർ ശർക്കരയെന്ന പേരിൽ തമിഴ്നാട്ടിൽനിന്ന് വ്യാജന്മാർ വ്യാപകം



**മറയൂർ:** മറയൂർ ശർക്കരയെന്ന പേരിൽ തമിഴ്നാട്ടിൽനിന്ന് വ്യാജ ശർക്കര വിപണിയിൽ എത്തുന്നത് യഥാർഥ മറയൂർ ശർക്കരയുടെ വിൽപന പ്രതിസന്ധിയിലാക്കുന്നതായി കർഷകർ. മുൻകാലങ്ങളെ അപേക്ഷിച്ച് മറയൂരിൽ കരിമ്പ് കൃഷിയിറക്കുന്ന കർഷകരുടെ എണ്ണം ചുരുങ്ങി. കൃഷി ജോലികൾക്കായി തൊഴിലാളികളെ കിട്ടാനില്ലെന്ന് കർഷകർ പറയുന്നു. വർഷങ്ങൾക്കു മുൻപേ തന്നെ ഭൗമസൂചികാ പദവി ലഭിച്ച മറയൂർ ശർക്കര സമീപഭാവിയിൽ ഇല്ലാതാകുമോ എന്നാണ് കർഷകരുടെ ആശങ്ക.

തമിഴ്നാട്ടിൽ കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന മറയൂർ ശർക്കരയുടെ വ്യാജ പതിപ്പ് വൻതോതിൽ കൊണ്ടുവന്ന് വ്യാപാരികൾ മറയൂർ ശർക്കരയെന്നു വിശ്വസിപ്പിച്ച് വിൽക്കുന്നതായാണ് കർഷകരുടെ പരാതി. ഇതിന് ഗുണനിലവാരവും ഇല്ല. ഈ പ്രതിസന്ധിക്കു പുറമേയാണ് കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൃഷിനാശവും കർഷകർക്ക് നേരിടേണ്ടി വന്നത്.

കഴിഞ്ഞ വർഷമുണ്ടായ കനത്ത വേനലിൽ വലിയ തോതിൽ കരിമ്പ് കൃഷി ഉണങ്ങി നശിച്ചിരുന്നു. ഇതിന് ശരിയായ നഷ്ടപരിഹാരം ലഭിച്ചില്ലെന്ന പരാതി കർഷകർക്കുണ്ട്. വന്യമൃഗ ശല്യവും കർഷകർക്ക് തിരിച്ചടിയാകുന്നു. ഈ സ്ഥിതി തുടർന്നാൽ കരിമ്പ് കൃഷിയിൽനിന്നു പിൻവാങ്ങേണ്ട സ്ഥിതി വന്നേക്കുമെന്നാണ് കർഷകരുടെ ആശങ്ക.



# ആർട്സ് ലിറ്ററേച്ചർ ഫെസ്റ്റിന് പ്രൗഢഗംഭീര തുടക്കം

**കോഴിക്കോട്:** നാട്ടിൽ സൗഹാർദ അന്തരീക്ഷം നിലനിർത്തുന്നതിൽ സാഹിത്യോത്സവങ്ങൾ നിർണായക പങ്കാണ് വഹിക്കുന്നതെന്ന് മന്ത്രി ബിന്ദു പറഞ്ഞു. കലുഷിതമായ സാമൂഹിക അന്തരീക്ഷത്തിൽ കല കൊണ്ടും സാഹിത്യം കൊണ്ടും പ്രതിരോധം തീർക്കാനാകണമെന്നും മീഞ്ചന്ത ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജ് വജ്ര ജൂബിലി ആഘോഷത്തോടനുബന്ധിച്ച് അതിജീവനത്തിന്റെ നിഴലുകൾ; വാക്കുകൾ മുറിവുകളെ അഭിമുഖീകരിക്കുമ്പോൾ എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന ആർട്സ് കോളേജ് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു.

സമീപ ദിവസങ്ങളിൽ റാഗിങ്ങുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങൾ ദൗർഭാഗ്യകരമാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലല്ല സംഭവം ഉണ്ടായതെന്നതുകൊണ്ട് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. കരുണയും ആർദ്രതയും കൈമുതലാക്കി, സമൂഹത്തിന് മാതൃകകളാകേണ്ട വിദ്യാർത്ഥികളിൽ നിന്നാണ് ഇത്തരം പ്രവർത്തികൾ ഉണ്ടായതെന്നുള്ളത് സങ്കടകരമാണ്. ഹൃദയബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിന് കലാലയങ്ങൾക്കാകണം. ഒരുമിച്ചു നിലക്കൊള്ളാനും പ്രവർത്തിക്കാനും സാധിക്കുന്ന വേദികൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

എല്ലാ വിഭാഗക്കാരെയും ചേർത്തുപിടിക്കുന്ന ഉൾക്കൊള്ളലിന്റെ മാതൃകകൾ തീർക്കാൻ കലാലയങ്ങൾക്കാകണം. സഹജാവ ബോധവും സഹജീവി പരിഗണനയും വിദ്യാർഥികൾ കൈമുതലാക്കണം. അതിന് പ്രോത്സാഹനം നൽകുന്നതാവണം കലോത്സവങ്ങളും സാഹിത്യ വേദികളും. സമീപകാലത്തെ സാഹിത്യവേദികളിൽ യുവതലമുറയുടെ പങ്കാളിത്തം ശ്രദ്ധേയമാണ്. പൊതു ഇടങ്ങൾ തിരിച്ചു പിടിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകണം. മതത്തിന്റെയും ജാതിയുടെയും അതിർവരമ്പുകൾ കടന്ന് മനുഷ്യരായി ഒന്നിച്ചിരിക്കാൻ സാധിക്കണം. എല്ലാ പൗരർക്കും ഒരുപോലെ അവകാശപ്പെട്ടതാണ് ഈ രാജ്യം. ഇരുണ്ട കാലത്തും പാട്ട് ഉണ്ടാവുമോ എന്നതിന് ഇരുണ്ട കാലത്തിന്റെ പാട്ടുകാരാവുക എന്നതാണ് മറുപടി. നാടിന്റെ മതനിരപേക്ഷതയും ജനാധിപത്യവും ഉയർത്തി പിടിക്കാൻ യുവജനങ്ങൾ മുന്നോട്ടുവരണമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ അഹമ്മദ് ദേവർകോവിൽ എംഎൽഎ അധ്യക്ഷത വഹിച്ചു. മേയർ ഡോ. ബീന ഫിലിപ്പ് മുഖ്യാതിഥിയായി. വാർഡ് കൗൺസിലർ രമ്യ സന്തോഷ്, പത്മശ്രീ അരൂപ് കുമാർ ദത്ത, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. ജെ സുനിൽ ജോൺ, ഫെസ്റ്റ് ഡയറക്ടർ കെ പി രാമനുണ്ണി, സിൻഡിക്കേറ്റ് അംഗം പി മധു, യൂണിയൻ വൈസ് ചെയർപേഴ്സൺ ഹഫീഫ, കോളേജ് പ്രിൻസിപ്പൽ ഡോ. പി പ്രിയ, പിടിഎ വൈസ് പ്രസിഡന്റ് കെ പി അജയൻ, പൂർവ വിദ്യാർഥി അസോസിയേഷൻ ജനറൽ സെക്രട്ടറി ഹരിദാസൻ പാലയിൽ, കൗൺസിൽ സെക്രട്ടറി സജിത കിഴിനിപ്പുറത്ത്, ഐക്യുഎസി കോർഡിനേറ്റർ ഡോ. പി ഷൈനി, നാക് കോർഡിനേറ്റർ ഡോ. എം ഗിരീഷ് ബാബു, അവിരാമം പ്രസിഡന്റ് പ്രൊഫ. പി എം സുഷമ, ഫെസ്റ്റ് കോർഡിനേറ്റർ ഡോ. മോൻസി മാത്യു തുടങ്ങിയവർ സംസാരിച്ചു.

വിവിധ വിഷയങ്ങളിലായി നൂറിലധികം സെഷനുകളും വിവിധ കലാസാംസ്കാരിക അവതരണങ്ങളും മൂന്ന് ദിവസത്തെ ഫെസ്റ്റിൽ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

എം ടി വാസുദേവൻ നായർ ഫോട്ടോ പ്രദർശനം, ചലച്ചിത്ര പ്രദർശനം, പുസ്തകച്ചന്ത എന്നിവയും നടക്കുന്നുണ്ട്. നെയ്തൽ, കുറിഞ്ചി, മുല്ലൈ, മരുതം, പാലൈ എന്നിങ്ങനെ അഞ്ച് വേദികളിലാണ് പരിപാടികൾ നടക്കുക. ഞായറാഴ്ച വൈകീട്ട് നടക്കുന്ന സമാപന സമ്മേളനം പൊതുമരാമത്ത് വിനോദസഞ്ചാര വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

സൊസൈറ്റി ടുഡേ
SOCIETY TODAY




# കുന്ദമംഗലം എക്സൈസ് റെയിഞ്ച് ഓഫീസ് കെട്ടിടത്തിന്റെ ശിലാസ്ഥാപനം നടത്തി

**കുന്ദമംഗലം:** വർധിക്കുന്ന ലഹരി ഉപയോഗത്തെ സാമൂഹ്യ വിപത്തായി കണ്ട് കൂട്ടായ പരിശ്രമത്തിലൂടെ ചെറുത്തു തോൽപ്പിക്കണമെന്ന് എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ്. കുന്ദമംഗലം എക്സൈസ് റെയിഞ്ച് ഓഫീസിന്റെ കെട്ടിട നിർമ്മാണ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി. ലഹരി മാഫിയയെ പിടിച്ചു കെട്ടാൻ സർക്കാർ ശക്തമായ ഇടപെടലുകളാണ് നടത്തുന്നത്. അതുകൊണ്ടുതന്നെയാണ് ഇന്ത്യയിൽ ഏറ്റവും ഉയർന്ന ശിക്ഷാനിരക്കുള്ള സംസ്ഥാനമായി കേരളം മാറിയത്. 98 ശതമാനമാണ് കേരളത്തിലെ ശിക്ഷാനിരക്ക്. ഏറ്റവും ഉയർന്ന ലഹരി ഉപയോഗമുള്ള സംസ്ഥാനങ്ങളിൽ ഇത് 25 ശതമാനം മാത്രമാണ്. ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോകുന്ന പുതുതലമുറയെ അതിൽനിന്ന് മോചിപ്പിച്ച് കൈപിടിച്ചുയർത്താനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. എക്സൈസ് വകുപ്പിനെ നവീകരിക്കാനും ആധുനികവൽക്കരിക്കാനും ഉള്ള നടപടികൾ സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. ലഹരിവിരുദ്ധ ബോധവൽക്കരണവും അതോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങളും എക്സൈസ് വകുപ്പിന്റെ മാത്രം ചുമതലയായി കാണരുതെന്നും സമൂഹം ഒന്നടങ്കം ലഹരി വിരുദ്ധ പരിപാടികളുടെ ഭാഗമാവണമെന്നും മന്ത്രി പറഞ്ഞു.

വെസ്റ്റ് ചാത്തമംഗലത്ത് നടന്ന ചടങ്ങിൽ പി ടി എ റഹീം എംഎൽഎ അധ്യക്ഷത വഹിച്ചു. കെട്ടിട നിർമ്മാണത്തിനായി ബജറ്റ് തുകയിൽ നിന്നും 1.5 കോടി രൂപയാണ് വകയിരുത്തിയത്. പുതിയ എക്സൈസ് റേഞ്ച് ഓഫീസ് വരുന്നതോടു കൂടി വകുപ്പിന്റെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ വർധിക്കും. ചെത്തുകടവ് പാലത്തിനടുത്ത് നിലവിലുള്ള റവന്യൂ ഭൂമിയിൽ ലഭ്യമാക്കിയ 10 സെന്റ് സ്ഥലത്താണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. 433 ചതുരശ്രമീറ്റർ വിസ്തൃതിയിൽ രണ്ട് നിലകളും സ്റ്റെയർ റൂമുകളും അടങ്ങിയ കെട്ടിടത്തിൽ താഴത്തെ നിലയിൽ വിശാലമായ പാർക്കിംഗ് സൗകര്യവും ഡൈനിങ് ഹാൾ സൗകര്യവും ഒന്നാം നിലയിൽ ഓഫീസ് സൗകര്യവും ഉൾപ്പെടുത്തിയാണ് കെട്ടിടം വിഭാവനം ചെയ്തിട്ടുള്ളത്.

ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അലവി അരിയിൽ, ചാത്തമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓളിക്കൽ ഗഫൂർ, ബ്ലോക്ക് പഞ്ചായത്ത് അംഗം ശിവദാസൻ നായർ, ഗ്രാമപഞ്ചായത്തംഗം എം കെ അജീഷ്, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, എക്സൈസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പൊതുമരാമത്ത് കെട്ടിടങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ എൻ ശ്രീജയൻ പദ്ധതി നിർമ്മാണ വിശദീകരണം നടത്തി. എക്സൈസ് കമ്മീഷണർ മഹിപാൽയാദവ് സ്വാഗതവും ഉത്തര മേഖല ജോയിന്റ് എക്സൈസ് കമ്മിഷണർ കെ എസ് ഷാജി നന്ദിയും പറഞ്ഞു.

# കേരള ഇക്കണോമിക് കോൺഫറൻസ് 2025ന് തുടക്കമായി

**തിരുവനന്തപുരം:** സാമൂഹ്യനീതി ഉറപ്പാക്കികൊണ്ട് പശ്ചാത്തല സൗകര്യ വികസനവും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്ന വികസന കാഴ്ചപ്പാടാണ് സർക്കാരിനുള്ളതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരള ഇക്കണോമിക് കോൺഫറൻസ് 2025 തിരുവനന്തപുരം ഗവണ്മെന്റ് വിമൻസ് കോളേജിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസുമായി ചേർന്ന് കേരള ഇക്കണോമിക് അസോസിയേഷനാണ് ത്രിദിന സമ്മേളനം സംഘടിപ്പിക്കുന്നത്.

കേരളത്തിന്റെ സമ്പദ്ഘടനയുമായി ബന്ധപ്പെട്ട ഒട്ടേറെ വിഷയങ്ങൾ ഈ സമ്മേളനത്തിൽ ചർച്ച ചെയ്യും എന്നാണ് മനസിലാകുന്നതെന്നും കേരളത്തിന്റെ സമ്പദ്ഘടനയേയും സമൂഹത്തെയും സംബന്ധിച്ച പഠനങ്ങൾ പുതിയ ഉൾക്കാഴ്ചകൾ സൃഷ്ടിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇവ നയരൂപീകരണത്തിനും പുതിയ കാൽവയ്പ്പുകൾക്കും ഏറെ സഹായകരമാകും.

പരിമിതമായ വിഭവ സമാഹരണ അധികാരങ്ങളുള്ള നമ്മുടെ സംസ്ഥാനത്തിന് മുന്നോട്ടുള്ള യാത്രയിൽ പ്രതിബന്ധങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഇത് മറികടക്കുന്നതിനായി പുതിയ ആശയങ്ങൾ രൂപീകരിച്ചും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടത് ശക്തമായി ആവശ്യപ്പെട്ടുകൊണ്ടുമാണ് കേരളം മുന്നോട്ട് പോകുന്നത്.

കോവിഡിന് ശേഷം കേരളത്തിന്റെ സമ്പദ്ഘടന വളർച്ചയുടെ പാതയിലാണ്. നികുതി നിരക്ക് നിശ്ചയിക്കാനുള്ള അധികാരമുൾപ്പെടെ ഇപ്പോൾ സംസ്ഥാനങ്ങൾക്കില്ല. ജനസംഖ്യാ നിയന്ത്രണണത്തിൽ ഏറെ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് കുറഞ്ഞുവരുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ കാര്യം 16ാം ധനകാര്യ കമ്മീഷന്റെയും കേന്ദ്ര സർക്കാരിന്റെയും മുൻപിൽ ഉന്നയിക്കാൻ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 16ാം ധനകാര്യ കമ്മീഷന്റെ മുന്നിൽ സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ ഫലപ്രദമായി ഉന്നയിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളെയും കൂടി ചേർത്തുകൊണ്ട് ശക്തമായ അഭിപ്രായ രൂപീകരണം നടത്തുന്നതിന് നേതൃത്വം നൽകിയത് കേരളമാണ്.

കേന്ദ്രസംസ്ഥാന ധനകാര്യ ബന്ധങ്ങളിലെ അസന്തുലിതാവസ്ഥയെ കുറിച്ച് സാമ്പത്തിക വിദഗ്ധരായ നിങ്ങൾ ഗൗരവമായി ചർച്ച ചെയ്യുകയും നിർദേശങ്ങൾ മുന്നോട്ട് വയ്ക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എന്ത് വിലകൊടുത്തും പശ്ചാത്തല മേഖലയിൽ നേരത്തെ സംഭവിച്ചുപോയ പോരായ്മ നികത്തും എന്ന ദൃഢനിശ്ചയത്തോട് കൂടിയാണ് കഴിഞ്ഞ എട്ടരവർഷമായി കേരളം മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലം എല്ലാ മേഖലകളിലും ഇപ്പോൾ കാണാൻ സാധിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖമുൾപ്പെടെ പശ്ചാത്തല സൗകര്യ വികസന മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ പുതിയൊരു വളർച്ചാ തരംഗം സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങളും നടക്കേണ്ടതുണ്ട്. സാമ്പത്തിക വിദഗ്ധർക്കാണ് അത് ഏറ്റെടുക്കാൻ കഴിയുക.

പശ്ചാത്തല മേഖലയിലെ പുരോഗതി സൃഷ്ടിക്കുന്ന സാമ്പത്തിക ചലനങ്ങൾ എന്തൊക്കെയായിരിക്കും, അത് ഏതൊക്കെ രംഗത്താണ് പുതിയ സാധ്യതകൾ തുറന്നു തരിക, ഈ സാധ്യതകളെ ഉപയോഗപ്പെടുത്താൻ എന്തെല്ലാം തുടർ നടപടികളാണ് സർക്കാരിന്റെയും മറ്റ് ഏജൻസികളുടെയും ഭാഗത്തു നിന്നുമുണ്ടാകേണ്ടത് തുടങ്ങിയ കാര്യങ്ങളിൽ പ്രയോഗത്തിൽ വരുത്താൻ കഴിയുന്ന വിലപ്പെട്ട നിർദേശങ്ങൾ സാമ്പത്തിക വിദഗ്ധരിൽ നിന്നും ഉണ്ടാകും എന്നു പ്രതീക്ഷിക്കുന്നു.

# പറശ്ശിനിക്കടവ് മുത്തപ്പൻ തെയ്യങ്ങൾ കാണാൻ ട്രിപ്പൊരുക്കി കെ.എസ്.ആർ.ടി.സി

**കണ്ണൂർ:** പറശ്ശിനിക്കടവ് മുത്തപ്പ ക്ഷേത്രത്തിലെ വെള്ളാട്ടം, തിരുവപ്പന തെയ്യങ്ങൾ കാണാൻ അവസരവുമായി കെ.എസ്.ആർ.ടി.സി കൊല്ലം ബജറ്റ് ടൂറിസം സെൽ. ഫെബ്രുവരി 24ന് വൈകീട്ട് കൊല്ലം ബസ്സ്റ്റേഷനിൽനിന്ന് യാത്ര തിരിക്കുന്ന 'കണ്ണൂർ കാഴ്ചകൾ' എന്ന ട്രിപ്പിലാണ് മുത്തപ്പ തെയ്യങ്ങളുടെ ദർശനം ഉൾപ്പെടുത്തിയിട്ടുള്ളത്.

കൂടാതെ ബേക്കൽ കോട്ട, പാലക്കയംതട്ട് വെള്ളരിക്കുണ്ട് വെള്ളച്ചാട്ടം, പെറ്റ് സ്റ്റേഷൻ, പയ്യാമ്പലം, സെന്റ് ആഞ്ചലോ ഫോർട്ട്, അറക്കൽ മ്യൂസിയം, മിഠായിത്തെരുവ്, ബേപ്പൂർ ബീച്ച് എന്നിവയും യാത്രയിൽ ഉൾപ്പെടും. ഒരാൾക്ക് 2800 രൂപയാണ് നിരക്ക്.

കണ്ണൂർ കാഴ്ചകൾക്ക് പുറമെ മറ്റു ഉല്ലാസ യാത്രകളും ബജറ്റ് ടൂറിസം ഈ മാസത്തിൽ ഒരുക്കിയിട്ടുണ്ട്. ഫെബ്രുവരി 15ന്റെ വാഗമൺ യാത്ര പുലർച്ചെ അഞ്ചിന് ആരംഭിച്ച് രാത്രി 10.30ന് മടങ്ങിയെത്തും. ഉച്ചഭക്ഷണം ഉൾപ്പെടെ 1,020 രൂപയാണ് ഒരാൾക്ക് ചെലവ്. 16ന് പാണിയേലിപ്പോര്, പൊന്മുടി ട്രിപ്പുകൾ യഥാക്രമം പുലർച്ചെ അഞ്ചിനും രാവിലെ 6.30നും ആരംഭിക്കും.

ഫെബ്രുവരി 17ന് ഗവിപരുന്തുംപാറ യാത്ര പുലർച്ചെ അഞ്ചിന് ആരംഭിക്കും. കുട്ടവഞ്ചി സവാരി, ഉച്ചഭക്ഷണം, പ്രവേശന ഫീസുകൾ എന്നിവ പാക്കേജിൽ ഉൾപ്പെടും. 1750 രൂപയാണ് നിരക്ക്. 19ന് ഗുരുവായൂർ യാത്ര രാത്രി ഒമ്പതിന് പുറപ്പെട്ട് നിർമാല്യ ദർശന സമയത്ത് ഗുരുവായൂരിലെത്തി ഗുരുവായൂർ, മമ്മിയൂർ, പുന്നത്തൂർ കോട്ട, തൃപ്രയാർ, കൊടുങ്ങല്ലൂർ, പറവൂർ ദക്ഷിണ മൂകാംബി എന്നീ ക്ഷേത്രങ്ങൾ സന്ദർശിച്ച ശേഷം അന്ന് രാത്രി തന്നെ മടങ്ങിയെത്തും.

ഫെബ്രുവരി 20ന് പാലക്കാട് യാത്ര രാത്രി ഒമ്പതിന് ആരംഭിച്ച് 21, 22 തീയതികളിലായി പാലക്കാട് കോട്ട, കൽപ്പാത്തി അഗ്രഹാരം, മലമ്പുഴ, കൊല്ലങ്കോട് ഗ്രാമം, നെല്ലിയാമ്പതി, പോത്തുണ്ടി ഡാം എന്നിവ കണ്ട ശേഷം മടങ്ങിയെത്തും. 2000 രൂപയാണ് നിരക്ക്. ഫെബ്രുവരി 22ന്റെ മൂന്നാർ യാത്ര പുലർച്ചെ അഞ്ചിന് ആരംഭിച്ച് അടുത്ത ദിവസം രാത്രി 12ന് മടങ്ങിയെത്തും.

ഫെബ്രുവരി 22ലെ മധ്യകേരളത്തിലെ ശിവക്ഷേത്രങ്ങൾ എന്ന യാത്രയിൽ ആലുവ ശിവക്ഷേത്രം, വൈക്കം മഹാദേവക്ഷേത്രം, കടുത്തുരുത്തി ക്ഷേത്രം, ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം, ചെങ്ങന്നൂർ ശിവ ക്ഷേത്രം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിരക്ക് 820 രൂപ.

ഫെബ്രുവരി 23ന്റെ മാംഗോ മെഡോസ് യാത്രക്ക് 1780 രൂപയാണ് ചെലവ്. ബസ്ചാർജ്, പാർക്കിലെ പ്രവേശന ഫീസ്, റൈഡുകളിലേക്കുള്ള പ്രവേശന ഫീസ്, പ്രഭാതഉച്ച ഭക്ഷണങ്ങൾ എന്നിവ പാക്കേജിൽ ഉൾപ്പെടും. ഫെബ്രുവരി 27ന്റെ കപ്പൽ യാത്ര രാവിലെ 10ന് കൊല്ലത്തുനിന്ന് പുറപ്പെടും. ഉച്ച ഭക്ഷണം ഒഴികെയുള്ള എല്ലാ ചെലവുകളും ഉൾപ്പെടുന്ന യാത്രക്ക് 4240 രൂപയാണ് നിരക്ക്. അന്വേഷണങ്ങൾക്ക് 9747969768, 9995554409, 7592928817 നമ്പറുകളിൽ ബന്ധപ്പെടാം.

# മാലിന്യ മുക്ത നവകേരളം: വാഹന പരിശോധന കർശനമാക്കും

**കൊച്ചി:** എൻ.എ.ഡി റോഡിൽ മാലിന്യങ്ങൾ തള്ളുന്നത് തടയുന്നതിന്റെ ഭാഗമായി പ്രദേശവാസികൾ ഒഴികെയുള്ളവരുടെ വാഹനങ്ങൾ പരിശോധിക്കാൻ സുരക്ഷാ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തും. മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായിട്ടാണ് നടപടി. പ്രദേശവാസികൾക്കായി പ്രത്യേക പാസുകൾ നൽകാനും ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ തീരുമാനമായി.

രാത്രി കാലങ്ങളിൽ എൻ.എ.ഡി ഭാഗത്തെ വിജനമായ റോഡുകളിൽ മാലിന്യം തള്ളുന്നത് പതിവായ സാഹചര്യത്തിലാണ് തീരുമാനം. അതിരാവിലെയും രാത്രിയും കാർ ഇതുവഴി പോകുന്ന കാർ ഉൾപ്പെടെയുള്ള വാഹനങ്ങളാണ് പരിശോധനക്ക് വിധേയമാക്കുക. എൻ.എ.ഡിയിലെ സുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെയാകും പരിശോധന.

നടപടി ജനജീവിതത്തെ ബാധിക്കാതിരിക്കാൻ പ്രദേശവാസികളുടെ വാഹനങ്ങളിൽ പതിപ്പിക്കുന്നതിനായി എടത്തല ഗ്രാമ പഞ്ചായത്ത്, കളമശേരി നഗരസഭ അധികൃതർ പ്രത്യേക പാസുകൾ നൽകും.

മാലിന്യം തള്ളുന്നവരെ കണ്ടെത്താൻ നൂറോളം ക്യാമറകൾ സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്. എൻ.എ.ഡിയാണ് ക്യാമറകൾ സ്ഥാപിക്കുന്നത്. ആദ്യഘട്ടത്തിൽ ഒരു മാസത്തിനകം അഞ്ച് ക്യാമറകൾ സ്ഥാപിക്കുമെന്ന് എൻ.എ.ഡി അധികൃതർ വ്യക്തമാക്കി. ഇതിനു പുറമേ സൂചനാ ബോർഡുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഉണ്ടാകും.

എച്ച്.എം.ടി റോഡരികിൽ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ വല ഉപയോഗിച്ച് വേലി കെട്ടുന്നതും പരിഗണനയിലുണ്ട്. എച്ച്.എം.ടി കൈവശം വെച്ചിട്ടുള്ള പ്രദേശങ്ങളിലെ മാലിന്യങ്ങൾ എത്രയും വേഗം നീക്കം ചെയ്യാൻ അധികൃതർക്ക് നോട്ടീസ് നൽകുമെന്ന് കലക്ടർ അറിയിച്ചു. യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനായി ദുരന്ത നിവാരണ നിയമപ്രകാരമാണ് നോട്ടീസ് നൽകുക.

എസ്.സി.എം.എസ് കോളേജ് മുതൽ അപ്പോളോ വരേയുള്ള പ്രദേശത്തെ ലോറികളുടെ അനധികൃത പാർക്കിംഗ് ഒഴിവാക്കാനുള്ള പ്രവർത്തനങ്ങൾ നടത്താനും തിരുമാനിച്ചിട്ടുണ്ട്.

ഈ ഭാഗത്തെ മാലിന്യങ്ങൾ നീക്കം ചെയ്ത് കട്ടവിരിച്ച് ടോയ്ലറ്റുകൾ ഉൾപ്പെടെ നിർമ്മിച്ച് പേ ആൻഡ് പാർക്ക് സംവിധാനം കൊണ്ടുവരാനാണ് നിർദ്ദേശം. ഇതു സംബന്ധിച്ച് കളമശേരി നഗരസഭയുടെ അടുത്ത കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്യും.

# ഐ ഡി ഇ ബൂട്ട്ക്യാമ്പ് ഫേസ് 2 17 മുതൽ

**കൊച്ചി :** വിദ്യാർത്ഥികളിലെ കഴിവുകൾ വികസിപ്പിക്കാനും എന്റർപ്രണയർഷിപ്പ് വളർത്തിയെടുക്കുവാനും ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം, ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ (എ ഐ സി റ്റി ഇ ) , ഇന്ത്യ ഗവണ്മെന്റ് ഇന്നോവേഷൻ സെൽ എന്നിവ സംയുക്തമായി രാജ്യത്തെ 12 സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്ന ഇന്നോവേഷൻ , ഡിസൈൻ ആൻഡ് എന്റർപ്രണർഷിപ് (ഐ ഡി ഇ ) ബൂട്ട്ക്യാമ്പ് ഫേസ് 2 ദക്ഷിണേന്ത്യയിലെ ക്യാമ്പ് ഫെബ്രുവരി 17 മുതൽ 21 വരെ പെരുമ്പാവൂർ അറക്കപ്പടി ജയ് ഭാരത് കോളേജിൽ വച്ച് നടക്കും. കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ. (ഡോ.) എം ജുനൈദ് ബുഷിരി ഉത്ഘാടനം ചെയ്യും. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഒറീസ, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നി സംസ്ഥാനങ്ങളിൽ നിന്നുള്ള 380 ഓളം വിദ്യാർത്ഥികളും മെൻഡർ മാരും ക്യാമ്പിൽ പങ്കെടുക്കും.

രാജ്യത്തെ പ്രമുഖരായ വ്യക്തികൾ നേതൃത്വം നൽകുന്ന വിവിധ വിഷയങ്ങളിലുള്ള പരിശീലന പരിപാടികൾ , രാജ്ജ്യത്തെ പ്രമുഖ വ്യവസായികളും പ്രഫഷണലുകളും പങ്കെടുക്കുന്ന പാനൽ ചർച്ചകൾ , എക്സിബിഷനുകൾ, പ്രൊജക്റ്റ് പ്രസന്റേഷൻ എനിങ്ങനെ വ്യത്യസ്!തങ്ങളായ പരിപാടികൾ ബൂട്ട്ക്യാമ്പന്റെ ഭാഗമായി നടത്തുമെന്ന് ജയ് ഭാരത് ഗ്രൂപ്പ് ചെയർമാൻ എ എം കരീം പറഞ്ഞു. ജയ് ഭാരത് കോളേജ് ഡയറക്ടർ ഡോ. റ്റി ജി സന്തോഷ്കുമാർ , ജയ് ഭാരത് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾ അസ്ഹർ ഒവി, ജയ് ഭാരത് കോഓർഡിനേറ്റർ ഖാലിദ് പി എ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സുലൈമാൻ എ കെ , ഹ്യൂമൻ റിസോഴ്സ് മാനേജർ മിഥുൻ പി ദാസ് എന്നിവർ വാർത്ത സമ്മേളനത്തിൽ പങ്കെടുത്തു.

# ഒന്നരക്കോടിയുടെ നിക്ഷേപം സമാഹരിച്ച് മലയാളി സ്റ്റാർട്ടപ്പ് എകസ്പ്ലോർ

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ ഇൻകുബേറ്റ് ചെയ്ത പൊതുഗതാഗത സാങ്കേതികവിദ്യാ സ്റ്റാർട്ടപ്പായ എക്സ്പ്ലോർ ഒന്നര കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചു. ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന നിക്ഷേപകരിൽ നിന്നാണ് ഇത് നേടിയത്.

രാജ്യത്തിനകത്തും പുറത്തുമുള്ള പൊതുഗതാഗത സംവിധാനത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന സ്റ്റാർട്ടപ്പാണ് എക്സ്പ്ലോർ. നിർമ്മിത ബുദ്ധി അടിസ്ഥാനമായി പ്രവർത്തിക്കുന്ന ടിക്കറ്റ് മെഷീൻ വഴി മാസം തോറും അമ്പത് ലക്ഷത്തിൽ പരം ടിക്കറ്റുകളാണ് നൽകുന്നത്. രാജ്യത്തുടനീളം 300 ലധികം ബസുകൾ എക്സ്പ്ലോറിൻറെ ടിക്കറ്റ് മെഷീനും എ ഐ സേവനങ്ങളും ഉപയോഗപ്പെടുത്തുന്നു.രാജ്യത്തെ പൊതുഗതാഗത സംവിധാനത്തിൽ സാർഥകമായ മാറ്റങ്ങൾ കൊണ്ടു വരാനുള്ള എക്സ്പ്ലോറിൻറെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് ഈ നിക്ഷേപസമാഹകരണമെന്ന് കമ്പനിയുടെ സിഇഒ നിവേദ് പ്രിയദർശൻ പറഞ്ഞു.

മൂലധന സ്വരൂപണത്തിനൊപ്പം തന്നെ നിക്ഷേപക സമൂഹവുമായി ഇടപെടലുകൾ നടത്താൻ ലഭിച്ച അവസരം പ്രധാനമായി കാണുന്നു. പൊതുഗതാഗതരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവകരമായ മാറ്റങ്ങൾക്ക് നേതൃപരമായ പങ്ക് വഹിക്കാൻ എക്സ്പ്ലോറിന് കഴിയുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു.ആധുനിക ടിക്കറ്റ് മെഷീൻ, ഡാറ്റ സുരക്ഷ, പ്രവർത്തന മികവ്, ഗവേഷണം, വികസനം, എ ഐ മോഡലുകൾ, മറ്റ് രാജ്യങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഈ നിക്ഷേപം ഉപയോഗിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

# ഇന്ത്യ എനർജി വീക്ക്; ആഗോള ഊർജ്ജ നേതാവായി ഇന്ത്യ

**ന്യൂഡൽഹി:** പങ്കാളികളുടെയും പ്രദർശകരുടെയും സാങ്കേതിക പ്രബന്ധ സമർപ്പണങ്ങളുടെയും എണ്ണത്തിലുണ്ടായ അഭൂതപൂർവമായ വർധന ഇന്ത്യ എനർജി വീക്ക് 2025 ന്റെ വിജയമാണെന്ന് കേന്ദ്രപെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി അഭിപ്രായപ്പെട്ടു. പെട്രോളിയം, പ്രകൃതി വാതകം, ഹരിത ഊർജ്ജം, ജൈവ ഇന്ധനം, സിബിജി എന്നിവയുൾപ്പെടെയുള്ള വിവിധ മേഖലകളെ ഉൾപ്പെടുത്തി ശ്രദ്ധേയമായ നൂതന വികസനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് , പരിപാടി പ്രതീക്ഷകൾക്കപ്പുറത്തേക്ക് ഉയർന്നതായി മന്ത്രി ചൂണ്ടിക്കാട്ടി.മൂന്ന് വർഷത്തിനുള്ളിൽ, ഇന്ത്യ എനർജി വീക്ക് ലോകത്തിലെ രണ്ടാമത്തെ വലിയ ഊർജ പ്ലാറ്റ്ഫോമായി സ്വയം സ്ഥാപിച്ചുവെന്നും അതിന്റെ നാലാം പതിപ്പ് ഗോവയിൽ നടക്കുമെന്നും കേന്ദ്ര മന്ത്രി വ്യക്തമാക്കി.ഉഭയകക്ഷി ബന്ധങ്ങളിൽ പ്രത്യേകിച്ച് പ്രകൃതി വാതക മേഖലയിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു . ദ്രവീകൃത പ്രകൃതി വാതക വിതരണത്തിനായി അമേരിക്കയുമായുള്ള ബന്ധത്തിന്റെ തന്ത്രപരമായ പ്രാധാന്യം ചൂണ്ടിക്കാട്ടിയ അദ്ദേഹം, ഇന്ത്യയുടെ ഊർജ്ജ ശേഷിയിൽ പ്രകൃതി വാതക ഉപഭോഗം നിലവിലെ 6% ൽ നിന്ന് 15% ആയി ഉയർത്തുക എന്നതാണ് പ്രഖ്യാപിത ലക്ഷ്യം.എണ്ണ വിതരണം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ യുഎസ് ഭരണകൂടത്തിന്റെ ശ്രമം ആഗോള വിപണികളിൽ അനുകൂല സാഹചര്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ബ്രസീൽ, അർജന്റീന, സുരിനാം, കാനഡ, യുഎസ്, ഗയാന എന്നിവയുൾപ്പെടെ പടിഞ്ഞാറൻ മേഖലയിൽ നിന്നുള്ള പുതിയ എണ്ണ സ്രോതസ്സുകളുടെ ആവിർഭാവം ഇന്ത്യ പോലുള്ള പ്രധാന ഉപഭോഗ രാജ്യങ്ങൾക്ക് ഗുണകരമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയത്തിന്റെ മുൻനിര സംരംഭമായ അവിന്യ 25 എനർജി സ്റ്റാർട്ടപ്പ് ചലഞ്ച് അവാർഡുകൾ കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി, പങ്കജ് ജയ് എന്നിവർ ചേർന്ന് ചടങ്ങിൽ സമ്മാനിച്ചു.



# ജൈവ ഇന്ധനങ്ങളുടെ പ്രോൽസാഹനം; സാക്ഷം 2025 ന് തുടക്കം

**തിരുവനന്തപുരം:** പെട്രോളിയംപ്രകൃതിവാതക മന്ത്രാലയത്തിന്റെ പ്രതിവർഷ പരിപാടിയായ സാക്ഷം 2025 ന് തിരുവനന്തപുരത്ത തുടക്കമായി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്തു. ഊർജ ഉപഭോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിലും ഭാവി തലമുറകൾക്കായി പരിസ്ഥിതി സംരക്ഷിക്കുന്നതിലും സാക്ഷം പ്രധാന പങ്ക് വഹിക്കുന്നുവെന്ന് ഗവർണർ വ്യക്തമാക്കി. ഹരിതോർജ സംരംഭങ്ങളോടുള്ള കേരളത്തിന്റെ പ്രതിബദ്ധത ചൂണ്ടിക്കാണിച്ച അദ്ദേഹം, കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിനും പുനരുപയോഗിക്കാവുന്ന ഊർജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുജന പങ്കാളിത്തം ഉണ്ടാകേണ്ടതുണ്ടെന്നും പറഞ്ഞു.ജൈവ ഇന്ധനങ്ങളേയും ഇതര ഇന്ധനങ്ങളേയും ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗത്തെയും പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ വർഷത്തെ സാക്ഷത്തിനുള്ളത്. സാക്ഷം 2025 ന്റെ ഭാഗമായി കേരളത്തിലുടനീളം വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്തും. പൊതുജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി സൈക്ലോത്തോണുകൾ, വാക്കത്തോണുകൾ, എൽപിജി പഞ്ചായത്തുകൾ, എൽപിജി സമ്പാദ്യത്തെക്കുറിച്ചുള്ള പരിശീലന പരിപാടികൾ, ഇലക്ട്രിക് വാഹന റാലികൾ തുടങ്ങിയ വിവിധ സംരംഭങ്ങൾ നടക്കും. വിദ്യാർഥികൾക്കും യുവജനങ്ങൾക്കുമായി ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള ചർച്ചകൾ, സ്കൂളുകളിലും കോളേജുകളിലും ശിൽപശാലകൾ, സംവാദങ്ങൾ, സാങ്കേതിക സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കും. പുക പരിശോധന, പ്രകൃതി സംരക്ഷണ പ്രതിജ്ഞാ ഡ്രൈവുകൾ, മത്സരങ്ങൾ തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി നടത്തും.

# അർക്ക എഐ ലോംഗ്യുവിറ്റി പുതിയ പാതയിൽ



**കൊച്ചി:** നിർമ്മിത ബുദ്ധി (എഐ) അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന അർക്ക എഐ ലോംഗ്യുവിറ്റി ഇന്ത്യ, ഐഐഎസ്സി ബംഗളൂരു. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ് എന്നിവയുമായി സഹകരിക്കുന്നു. രോഗീപരിചരണം, മെഡിക്കൽ വിദ്യാഭ്യാസം, ദീർഘായുസുമായി ബന്ധപ്പെട്ട ഗവേഷണം തുടങ്ങിയ മേഖലകളിൽ ഒരുമിച്ച് പ്രവർത്തിക്കാനാണ് പുതിയ സഹകരണം.ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, എംഎൽ/ഡിഎൽ അനലിറ്റിക്സ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്നിവയിൽ അർക്ക എഐയുടെ വൈദഗ്ധ്യം ഉപയോഗിച്ച് വിവിധ ശാസ്ത്ര മഖലകളിൽ ഒരുമിച്ച് മുന്നേറാനാണ് പുതിയ സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് തുടർ പഠനങ്ങൾക്കായി ശേഖരിക്കുന്ന ഡാറ്റ ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ (ഐഐഎസ്സി) സൂക്ഷിക്കും.

ലോംഗ്യുവിറ്റി ഇന്ത്യ അർക്ക എഐ ആയുസുമായി സഹകരിച്ച് ഗവേഷണത്തിൽ സമഗ്രമായ ഡാറ്റ ശേഖരണം, സംയോജനം, വിശകലനം എന്നിവയ്ക്കായി രൂപകൽപ്പന ചെയ്ത ആപ്ലിക്കേഷനുകൾ വികസിപ്പിക്കാനുള്ള ശ്രമത്തിലാണ്. അർക്ക എഐയുമായുള്ള സഹകരണം വാർദ്ധക്യവും ആയുസുമായി ബന്ധപ്പെട്ട ഗവേഷണങ്ങളെ സഹായിക്കുമെന്ന് ഐഐഎസ്സി പ്രൊഫസറും ലോംഗ്യുവിറ്റി ഇന്ത്യ കൺവീനറുമായ ദീപക് സൈനി പറഞ്ഞു.

# യശസ്വി ജയ്സ്വാളുമായി കൈകോർത്ത് ഹെർബലൈഫ് ഇന്ത്യ

**കൊച്ചി:** ഹെർബലൈഫ്, ഇന്ത്യൻ ക്രിക്കറ്റ് ടീമിലെ വളർന്നു വരുന്ന താരമായ യശസ്വി ജയ്സ്വാളുമായി കൈകോർക്കുന്നു. കഠിനാധ്വാനത്തിന്റെയും മികവിന്റെയും പ്രതീകമായ യശസ്വി ജയ്സ്വാളുമായി പങ്കാളിത്തത്തിലാകുന്നതിൽ ഹെർബലൈഫ് ഇന്ത്യ അതീവ സന്തുഷ്ടരാണെന്ന് മാനേജിംഗ് ഡയറക്ടർ അജയ് ഖന്ന പറഞ്ഞു. ഹെർബലൈഫിൽ ഞങ്ങൾ വിലമതിക്കുന്ന നിശ്ചയദാർഢ്യത്തെ പ്രതിഫലിപ്പിക്കുന്നതാണ് അദ്ദേഹത്തിന്റെ യാത്ര. ഇന്ത്യയിൽ ഹെർബലൈഫ് 25ാം വാർഷികം ആഘോഷിക്കുമ്പോൾ, ശരിയായ പോഷകാഹാരത്തിലൂടെ കായികതാരങ്ങളെ ശാക്തീകരിക്കുന്നതിലെ വളർച്ചയും വിജയവും ഈ യാത്ര പ്രതിഫലിപ്പിക്കുന്നു. കായികതാരങ്ങൾക്ക് അവരുടെ ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് ഞങ്ങളുടെ ശാസ്ത്രീയമായ പിന്തുണയുള്ള ഉൽപ്പന്നങ്ങളും വിദഗ്ദ്ധ പിന്തുണയും അനിവാര്യമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. യശസ്വിയുമായി ചേർന്ന്, ഇന്ത്യയിലുടനീളമുള്ള യുവ കായികതാരങ്ങളെ അവരുടെ സ്വപ്നങ്ങൾ പിന്തുടരുന്നതിനും അവരുടെ ആരോഗ്യത്തിന് മുൻഗണന നൽകുന്നതിനും പ്രചോദിപ്പിക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്നും അജയ് ഖന്ന പറഞ്ഞു..ഹെർബലൈഫിന്റെ പോഷകാഹാര, ക്ഷേമ യാത്രയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ആവേശഭരിതനാണെന്ന് യശസ്വി ജയ്സ്വാൾ പറഞ്ഞു. മികച്ച പ്രകടനവും സഹനശേഷിയും നിലനിർത്താൻ കായികതാരങ്ങളെ സഹായിക്കുന്നതിൽ ശരിയായ പോഷകാഹാരത്തിന്റെ ലഭ്യത പ്രധാനമാണെന്നും അദ്ദേഹം വ്യക്തമാക്കി.



# മഹാരാഷ്ട്രയിലെ തീരദേശ ആദിവാസി കർഷകർക്ക് കൈത്താങ്ങായി സിഎംഎഫ്ആർഐ

## കർഷകർക്കായി സിഎംഎഫ്ആർഐ ഉൽപാദിപ്പിച്ചത് ഒരു ലക്ഷത്തോളം ഓയിസ്റ്റർ വിത്തുകൾ



**കൊച്ചി:** മഹാരാഷ്ട്രയിലെ തീരദേശ ആദിവാസി കർഷകർക്കായി ഒരു ലക്ഷത്തോളം ഓയിസ്റ്റർ (കായൽ മുരിങ്ങ) വിത്തുകൾ ഉൽപാദിപ്പിച്ച് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഷെല്ലുകളിൽ പിടിപ്പിച്ച വിത്തുകൾ ഓയിസ്റ്റർ കൃഷിക്കായി മഹാരാഷട്രയിലെത്തിച്ചു.മഹാരാഷ്ട്രയിലെ മാംഗ്രൂവ് ആന്റ് മറൈൻ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ ഫൗണ്ടേഷനുമായി സഹകരിച്ചാണ് പദ്ധതി. ബദൽ ഉപജീവനമാർഗമെന്ന നിലക്ക് ഓയിസ്റ്റർ കൃഷിയിലൂടെ ആദിവാസി കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉയർന്ന വിളവ് നൽകുന്നതും മെച്ചപ്പെട്ട ബദൽ ഉപജീവനമാർഗവും പരിസ്ഥിതി സൗഹൃദവുമാണ് ഓയിസ്റ്റർ കൃഷി.

അഷ്ടമുടിക്കായലിൽ നിന്ന് ശേഖരിച്ച കായൽ മുരിങ്ങ സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിലെ ഹാച്ചറിയിൽ പ്രജനനം നടത്തി 50 ലക്ഷത്തോളം ലാർവ ഉൽപാദിപ്പിച്ചു. ഇവയെ വീണ്ടും 60 ദിവസത്തോളം ഹാച്ചറിയിൽ വളർത്തി ശരാശരി 8.5 മില്ലിമീറ്റർ വലിപ്പത്തിൽ ഷെല്ലുകളിൽ പറ്റിപ്പിടിക്കാൻ പാകത്തിലുള്ളതാക്കി വികസിപ്പിച്ചു. ഒരു ഷെല്ലിൽ രണ്ട് മുതൽ 12 വിത്തുകൾ വരെ ഇത്തരത്തിൽ അടങ്ങിയിട്ടുണ്ട്.ഹാച്ചറികളിൽ ഉൽപാദിപ്പിച്ച വിത്തുകളുടെ ലഭ്യതക്കുറവാണ് പ്രധാന പരിമിതി. ഉയർന്ന അതിജീവന നിരക്ക്, വളർച്ചാനിരക്ക്, രോഗപ്രതിരോധ ശേഷി എന്നീ ഗുണങ്ങളുള്ളതിനാൽ കായലുകളിൽ നിന്ന് ലഭിക്കുന്ന വിത്തുകളേക്കാൾ ഗുണങ്ങൾ കൂടുതലാണ് ഹാച്ചറിയിൽ ഉൽപാദിപ്പിച്ച വിത്തുകൾക്ക്. ഇവ ഓയിസ്റ്റർ ഷെല്ലുകളിൽ പിടിപ്പിക്കുന്നതും ഹാച്ചറി സംവിധാനം വഴിയാണ്. ഇത്തരത്തിൽ ഷെല്ലുകളിൽ പിടിപ്പിച്ച ഒരു ലക്ഷത്തോളം വിത്തുകളാണ് കടൽവെള്ളത്തിൽ കുതിർത്ത ചാക്കിൽ പൊതിഞ്ഞ് പ്രത്യേക പെട്ടികളിൽ സുരക്ഷിതമായി പായ്ക്ക് ചെയ്ത് മഹാരാഷ്ട്രയിലെത്തിച്ചത്. തീറ്റ ആവശ്യമില്ലാത്തതിനാൽ പരമ്പരാഗത അക്വാകൾച്ചർ രീതികളെ അപേക്ഷിച്ച് ചിലവ് കുറഞ്ഞതും ലാഭകരവുമാണ് ഓയിസ്റ്റർ കൃഷി. മലിനീകരണം കുറഞ്ഞതും ചെറുകിട കർഷകർക്ക് സുസ്ഥിര വരുമാനം നേടാൻ സഹായിക്കുന്നതുമായ മികച്ച ജലകൃഷിയാണിതെന്ന് പദ്ധതിക്ക് നേതൃത്വം നൽകിയ സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ എം കെ അനിൽ പറഞ്ഞു.ഹാച്ചറിയിൽ ഉൽപ്പാദിപ്പിക്കുന്ന വിത്തുകളുടെ ലഭ്യത ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയാൽ ഓയിസ്റ്റർ കൃഷിയിലൂടെ തീരദേശവാസികളുടെ വരുമാനം വർധിപ്പിക്കാനാകുമെന്നാണ് പ്രതീക്ഷ. ആഭ്യന്തരവിദേശ വിപണികളിൽ മികച്ച അവസരമാണിത് നൽകുന്നത്. പ്രോട്ടീൻ, അവശ്യ ധാതുക്കൾ, ഒമേഗ3 ഫാറ്റി ആസിഡുകൾ എന്നിവയുൾപ്പെടെയുള്ള പോഷക ഗുണങ്ങൾ കാരണം കായൽ മുരിങ്ങക്ക് ആവശ്യക്കാരേറെയുണ്ട്. ഏഴ് ബില്യൺ യുഎസ് ഡോളറിലധികം വിലമതിക്കുന്ന പ്രധാന ആഗോള വ്യവസായമാണിത്.

# പ്രണയിക്കുന്നവർക്ക് ആഘോഷം ഒരുക്കി ദുബായ്

**ദുബായ്:** പ്രണയിതാക്കൾക്ക് ആകർഷകമായ റൊമാന്റിക് റിട്രീറ്റുകളൊരുക്കി ദുബായ്. കടൽത്തീരത്തിരുന്ന് പ്രണയം പങ്കുവച്ച് സ്വാദേറും രുചികൾ ആസ്വദിച്ചും ആഢംബര സ്പായുടെ ഊഷ്മളതയിലും നഗരത്തിരക്കുകൾക്കിടയിലെ അതിസുന്ദരമായ താമസമുറികളിലുമെല്ലാം പ്രണയം ആഘോഷിക്കുന്നതിനുള്ള അവസരങ്ങളൊരുക്കുകയാണ് ദുബായിയിലെ ചില റൊമാന്റിക് ഗേറ്റ് വേകൾ.

ബുർജ് ഖലീഫയുടെയും ഡൗൺ ടൗൺ ദുബായ് സ്കൈലൈനിന്റെയും അതിശയകരമായ പശ്ചാത്തലത്തിൽ, ലെവൽ 42 ”പ്രൈവറ്റ് ഡൈനിംഗ് എബോവ് ദി ക്ലൗഡ്സ്” ൽ സ്ഥിതി ചെയ്യുന്ന ഷാങ്ക്രിലാ ദുബായ്, ജദ്ദാഫ് വാട്ടർഫ്രണ്ടിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ആകർഷകമായ പലാസോ വെർസേസ് ദുബായ്, സാദിയാത്ത് ദ്വീപിന്റെ വെളുത്ത മണലിനരികിൽ സ്ഥിതി ചെയ്യുന്ന റിക്സോസ് പ്രീമിയം സാദിയാത്ത് ദ്വീപ്, ബിസിനസ് ബേ ജില്ലയിൽ സ്ഥിതി ചെയ്യുന്ന പ്രണയത്തിന്റെ ഒരു ഐക്കണിക് ലാൻഡ്മാർക്കായ ജെഡബ്ല്യു മാരിയറ്റ് മാർക്വിസ് ഹോട്ടൽ ദുബായ്,

സ്വപ്നതുല്യമായ അനുഭവങ്ങളുമായി ദുബായ് ക്രീക്ക് റിസോർട്ട് തുടങ്ങിയ ഇടങ്ങളാണ് പ്രണയിതാക്കളെ കാത്തിരിക്കുന്നത്. വാലന്റൈൻ ദിനാഘോഷത്തിനു ശേഷവും പ്രണയിതാക്കൾക്ക് അസാധാരണ ഡൈനിങ്ങ് അനുഭവം സമ്മാനിക്കുന്നതാണ് ഷാങ്ക്രിലാ ദുബായ്. സംഗീതവും രുചികളും നിറയുന്ന പ്രണയരാവൊരുക്കുന്ന പാലാസോ വെർസേസിൽ സിഗ്നേച്ചർ ഹൈ ടീയും കേക്ക് ട്രോളിയുമൊക്കെയാണ് ഒരുക്കിയിരിക്കുന്നത്. പ്രണയിതാവിനൊപ്പം മെഴുകുതിരി വെട്ടത്തിൽ കടൽത്തീരത്തിരുന്ന് ടർക്കിഷ് അത്താഴം ആസ്വദിച്ച് കടലിനെ കാണുന്നതിനുള്ള അവസരമാണ് റിക്സോസ് പ്രീമിയം സാദിയാത്ത് ദ്വീപിലുള്ളത്. അവിസ്മരണീയ സായാഹ്നമൊരുക്കിയാണ് ജെഡബ്ല്യു മാരിയട്ട് മാർക്വിസ് ഹോട്ടൽ പ്രണയം ആഘോഷിക്കുന്നത്. പ്രണയത്തിന്റെ ഐക്കോണിക് ഇടമാണിത്. മിതമായ നിരക്കിൽ ആഡംബരം കുറയാതെ രുചിയേറും ഭക്ഷണമാണിവിടെയും സജ്ജമാക്കിയിരിക്കുന്നത്. ദമ്പതികൾക്ക് സ്വപ്നതുല്യമായ അനുഭവങ്ങളുമായി ദുബായ് ക്രീക്ക് റിസോർട്ടിൽ ഒരു മാസം മുഴുവൻ പ്രണയം ആഘോഷിക്കാം.

# ദേശീയ ഗെയിംസ്: മിന്നും പ്രകടനവുമായി റിലയൻസ് ഫൗണ്ടേഷൻ താരങ്ങൾ




**മുംബൈ:** ഉത്തരാഖണ്ഡിൽ നടന്ന 2025 ദേശീയ ഗെയിംസിൽ റിലയൻസ് ഫൗണ്ടേഷൻ കായികതാരങ്ങളുടെ മിന്നുന്ന പ്രകടനം. എട്ട് വ്യത്യസ്ത കായിക ഇനങ്ങളിലായി 43 മെഡലുകളാണ് റിലയൻസ് ഫൗണ്ടേഷൻ താരങ്ങൾ സ്വന്തമാക്കിയത്..

ഇതിൽ 21 മെഡലുകൾ അത്‌ലറ്റിക്സിൽ നിന്നാണ്. ദേശീയ ഗെയിംസിൽ ഫൗണ്ടേഷന്റെ ഏറ്റവും മികച്ച പ്രകടനമാണിത്. 20 സ്വർണ്ണവും 16 വെള്ളിയും 7 വെങ്കലവും മെഡൽ പട്ടികയിൽ ഉൾപ്പെടുന്നു.100 മീറ്റർ, 200 മീറ്റർ, 4x100 മീറ്റർ റിലേയിൽ മൂന്ന് സ്വർണ്ണ മെഡലുകൾ നേടി അനിമേഷ് കുജൂർ മികച്ച പ്രകടനമാണ് കാഴ്ചവെച്ചത്. ജ്യോതി യാരാജി 100 മീറ്റർ ഹർഡിൽസിലും 200 മീറ്ററിലും സ്വർണ്ണം നേടി. ദേശീയ റെക്കോർഡ് ഉടമ തേജസ് ഷിർസെ പുരുഷന്മാരുടെ 110 മീറ്റർ ഹർഡിൽസിൽ സ്വർണ്ണം നേടി. ജ്യോതിയും തേജസും കഴിഞ്ഞ മൂന്ന് പതിപ്പുകളിലും സ്വർണ്ണം നേടിയിട്ടുണ്ട്. ജ്യോതി (100 മീറ്റർ ഹർഡിൽസ്), സാവൻ (5000 മീറ്റർ, 10000 മീറ്റർ), വെള്ളി നേടിയ കിരൺ മാത്രെ (10,000 മീറ്റർ) എന്നിവർ 2025ൽ നടക്കുന്ന ഏഷ്യൻ ചാമ്പ്യൻഷിപ്പിനുള്ള യോഗ്യത നേടി. മൗമിത മൊണ്ടൽ മികച്ച പ്രകടനം കാഴ്ചവെച്ച് ലോംഗ് ജമ്പിൽ സ്വർണ്ണവും 100 മീറ്റർ ഹർഡിൽസിൽ വെള്ളിയും തുടർച്ചയായി നേടി. സത്യൻ ജ്ഞാനശേഖരൻ പുരുഷന്മാരുടെ ഡബിൾസിൽ സ്വർണ്ണവും, പുരുഷ സിംഗിൾസിൽ വെള്ളിയും, പുരുഷ ടീം ഇനത്തിൽ വെങ്കലവും നേടി മികച്ച പ്രകടനം കാഴ്ചവെച്ചു.

ഗണേമത് സെഖോൺ സ്കീറ്റിൽ സ്വർണ്ണം നേടി, യോഗ്യതാ റൗണ്ടിൽ 124 പോയിന്റ് നേടി ദേശീയ റെക്കോർഡ് സ്ഥാപിച്ചു. ജൂഡോ താരങ്ങളായ തുളിക മാൻ, ഹിമാൻഷി ടോകാസ് എന്നിവർ അതത് വിഭാഗങ്ങളിൽ സ്വർണ്ണവും വെള്ളിയും നേടി മെഡൽ പട്ടികയിലേക്ക് ചേർന്നു.സവാൻ ബർവാൾ 5000 മീറ്റർ, 10000 മീറ്റർ ഓട്ടങ്ങളിൽ സ്വർണ്ണം നേടി അപൂർവ നേട്ടം കൈവരിച്ചു. ബാപി ഹൻസ്ദ തന്റെ കരിയറിലെ ആദ്യ ദേശീയ സ്വർണ്ണം 400 മീറ്ററിൽ വ്യക്തിഗത മികച്ച സമയത്തോടെ (46.82 സെക്കൻഡ്) നേടി. ഗുർപ്രീത് സിംഗ് 25 മീറ്റർ റാപിഡ് ഫയർ പിസ്റ്റളിൽ വെള്ളിയും 10 മീറ്റർ എയർ പിസ്റ്റളിൽ വെങ്കലവും നേടി. രവീന്ദർ സിംഗ് 10 മീറ്റർ എയർ പിസ്റ്റളിൽ വെള്ളിയും കരസ്ഥമാക്കി. നിരാജ് കുമാർ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസ് ഇനത്തിൽ സ്വർണ്ണം നേടി. പാലക് ഗുലിയ വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ വെള്ളി മെഡൽ നേടി. ആശി ചൗക്സി വനിതകളുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻസ് യോഗ്യതാ റൗണ്ടിൽ ലോക റെക്കോർഡ് തകർത്തു. ഉന്നതി ഹൂഡ ബാഡ്മിന്റൺ വനിതാ ടീം ചാമ്പ്യൻഷിപ്പിൽ ഹരിയാനയെ വിജയത്തിലേക്ക് നയിച്ചു. ലവ്‌ലിന ബോർഗോഹെയ്ൻ പാരീസ് ഒളിമ്പിക്സിന് ശേഷം തിരിച്ചെത്തി ബോക്സിംഗിൽ വനിതകളുടെ 75 കിലോഗ്രാം വിഭാഗത്തിൽ സ്വർണ്ണം നേടി.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com